# ACADEMIC MASTER PLAN
## 2025 -2026
## SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് (ലഹരി, ശുചിത്വം, മുതലായവ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ ചർച്ച, സെമിനാർ, സംവാദം, പാനൽ ചർച്ച , ബോധവത്ക്കരണ ക്ലാസ്സ് തുടങ്ങിയവ നടത്തുന്നു. ലഹരിയ്ക്കെതിരെ പ്രസംഗ മത്സരം, തെരുവു നാടകം, ഷോർട്ട് ഫിലിം മുതലായവ നിർമ്മിക്കുന്നു. | മൂന്നുമാസത്തിലൊരിക്കൽ | സാമൂഹ്യശാസ്ത്ര ക്ലബ് | |
| സാമൂഹ്യശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ, എല്ലാ മത്സര യിനങ്ങളിലും പങ്കചേരൽ | വർഷത്തിൽ മൂന്ന് പ്രാവശ്യം | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.റ്റി.എ |
| സാമൂഹ്യ ശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തൽ പ്രദർശനം (ബുള്ളറ്റിൻ ബോർഡ്) | ബുള്ളറ്റിൻ ബോർഡ് അപ്ഡേറ്റ് ചെയ്യുന്നു | എല്ലാ ദിവസവും | സാമൂഹ്യശാസ്ത്ര ക്ലബ് | |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ അറിയൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | വർഷത്തിൽ ഒരു തവണ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | പി.റ്റി.എ |
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ – കുട്ടി, കുട്ടി - കുട്ടി എന്നിങ്ങനെ രണ്ട് തരത്തിലുള്ള പരിശീലനം ഏർപ്പെടുത്തൽ | എല്ലാദിവസവും അരമണിക്കൂർ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| പഠന നിലവാരം വിലയിരുത്തൽ | കുട്ടികളുടെ പഠന നിലവാരം വിവിധ പരീക്ഷകളിലൂടെ വിലയിരുത്തുന്നു | വർഷത്തിൽ ആറ് തവണ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| പത്രവായന പരിപോഷിപ്പിക്കുക | പരമാവധി പത്രങ്ങൾ സ്പോൺസർ ഷിപ്പിലൂടെ ക്ലാസുകളിൽ ലഭ്യമാക്കൽ, ഓരോ ക്ലാസിലും ഓരോ പത്രം. എല്ലാ ദിവസവും രാവിലെ പത്രപാരായണം | ദിവസേന | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | സുമനസ്സുകൾ |

| | | | | |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ പരിപോഷിപ്പിക്കൽ | സ്കൂൾ പാർലമെന്റ് പ്രവർത്തനം കാര്യക്ഷമമാക്കൽ, മോക് പാർലമെന്റ് രൂപീകരിക്കരിക്കൽ | വർഷത്തിൽ ഒരു തവണ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കാൻ ലൈബ്രറി കോർണർ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, മാസികകൾ, തുടങ്ങിയവ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ ഒരുതവണ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# മേഖല-ഹൈസ്കൂൾ-സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠന പിന്നോക്കാവസ്ഥ യുള്ള കുട്ടികൾക്ക് പ്രത്യേക പരിശിലനം. | അധ്യാപകൻ – കുട്ടി (peer group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 2. ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് തയ്യാറാക്കൽ. | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക,ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ. | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | - |
| 3. ചോദ്യപേപ്പർ ശില്പശാല | | | | |

| | | | | |
|---|---|---|---|---|
| സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ. | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ ചോദ്യപേപ്പർ സമഗ്രയിൽ **upload** ചെയ്യൽ. | **3** മാസം | **SRG,** സയൻസ് ടീച്ചർ | **1000/- PTA** |
| **4.** മോഡൽ നിർമ്മാണം( ശില്പ ശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയുടെ നിർമ്മിക്കൽ. | **1** മാസം | **SRG,** സയൻസ് ടീച്ചർ | **2500/- PTA** |
| **5.** ലഹരി വിരുദ്ധ പ്രചരണം. | ബോധവത്ക്കരണ ക്ലാസ്സുകൾ,സ്ലൈഡ് പ്രസന്റേഷൻ,റാലി,ചുവർപത്രിക നിർമ്മാണം. | **3** മാസത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ | **PTA** |
| **6.** ശുചിത്വാവബോധം കുട്ടികളിൽ വളർത്തുന്നതിന്. | സ്കൂൾ പരിസര ശുചീകരണം,ബോധവത്ക്കരണ ക്ലാസ്സുകൾ,സ്ലൈഡ് പ്രസന്റേഷൻ,റാലി,ഡ്രൈ ഡേ ആചരണം,പ്ലാസ്റ്റിക് നിർമ്മാർജ്ജനം. | മാസത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് | - |
| **7.** കുട്ടികളുടെ | | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളുടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി- പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | **1000/- PTA** |
| | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3. ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം. | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | **PTA** |
| 8. ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം. | സയൻസ് ടീച്ചേർസ് | **PTA** |
| 9. ശാസ്ത്രലാബ് നവീകരണം | | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ.<br><br>10. അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ. | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ.<br><br>തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ.<br><br>പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br><br>സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്റ്റ് മുതലായവയിൽ പങ്കെടുക്കുന്നു. | ജനുവരി മുതൽ 1 മാസം<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | -<br><br>മാനേജ്മെന്റ് |

## ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർഥികളെ നയിക്കുന്നതിൽ സുപ്രധാനപങ്കാണ് വായനയ്ക്കുള്ളത്.

പാഠപുസ്തകങ്ങൾപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയുംവിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2024-25 അധ്യയനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായനസംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

## ലക്ഷ്യം

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.

2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.

3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

**1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.**

**2. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.**

**3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.**

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ്<br>2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല<br>3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്<br>4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല<br>5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 1. പിറന്നാളിനൊരു പുസ്തകം<br>2. വായനക്കുറിപ്പ്<br>3. കഥ, കവിത, ശില്പശാല<br>4. സെമിനാർ<br>5. ചുവർ മാഗസിൻ<br>6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ<br>7. സാഹിത്യപഠനയാത്ര<br>8. വായനക്കൂട്ടം - പുസ്തക ചർച്ച<br>9. അഭിമുഖം |

# പ്രവർത്തനപദ്ധതി വിശദീകരണം

പ്രവർത്തനം-1

## പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ<br>മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയസമിതി | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ-ഫെബ്രുവരി | | |

പ്രവർത്തനം-2

## വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ-മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ്സ് ലീഡർ | ജൂൺ-ഫെബ്രുവരി | | |
| പതിപ്പ്  തയ്യാറാക്കൽ | കൺവീനർ<br>വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 500 | PTA |

പ്രവർത്തനം-3

## ശില്പശാലകൾ - കഥ, കവിത,ആസ്വാദനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂൺ | | PTA |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | 2000 | PTA |
| ശില്പശാല – ആസ്വാദനം | വിഷയസമിതി | ആഗസ്റ്റ് | 2000 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | 2000 | |

പ്രവർത്തനം-4

## ശില്പശാലകൾ - സെമിനാർ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| കേരളപാഠാവലി അടിസ്ഥാന പാഠാവലി യൂണിറ്റിനെ അടിസ്ഥാനമാക്കി സെമിനാർ | വിഷയസമിതി | ആഗസ്റ്റ് | | |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | | |

പ്രവർത്തനം-5

## ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ /എഡിറ്റർ | ജൂൺ - ഫെബ്രുവരി | | |

പ്രവർത്തനം-6

## കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

പ്രവർത്തനം-7

## സാഹിത്യപഠനയാത്ര

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂലൈ | | |
| പഠനയാത്ര | ടൂർ കൺവീനർ | ജൂലൈ | 10000 | രക്ഷിതാക്കൾ |
| യാത്രാനുഭവക്കുറിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | |
| പതിപ്പ് നിർമ്മാണം | കൺവീനർ വായനക്കൂട്ടം | ജൂലൈ | 500 | PTA |

പ്രവർത്തനം-8

## വായനക്കൂട്ടം - പുസ്തകച്ചർച്ച

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | മെയ് | | |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| പുസ്തക ചർച്ച - വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ- ഫെബ്രുവരി | | |

പ്രവർത്തനം-9

## അഭിമുഖം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| അഭിമുഖം | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 4500 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | | | |

# പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

## 1. പിറന്നാളിനൊരു പുസ്തകം

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി. 'പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും. മിഠായി വിതരണം പാടേ ഒഴിവാക്കി പുസ്തകസമ്മാനത്തിലേക്ക് മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും. ക്ലാസ്മുറികളിൽവച്ച് ടീച്ചറിന്റെ നേതൃത്വത്തിലും അസംബ്ലിയിൽ വച്ച് ലൈബ്രേറിയന്റെ നേതൃത്വത്തിലും കുട്ടികളിൽ നിന്ന് പുസ്തകം സ്വീകരിക്കാവുന്നതാണ്.

## 2. വായനക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയംപഠനത്തിലേക്ക് നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രിയയുടെ ഭാഗമായി നടക്കണം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതിനുമുള്ള പദ്ധതിയാണ് വായനക്കുറിപ്പ്.എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം. ഓരോ ആഴ്ചയിലെയും മികച്ച കുറിപ്പുകൾ വായനക്കൂട്ടം കൺവീനർ സമാഹരിച്ച് ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വെച്ച് വായിക്കണം. അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽ വെച്ച് സമ്മാനവും നൽകണം. മികച്ച വായന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്തണം.

## 3. കഥ, കവിത, ആസ്വാദനം -ശിൽപശാല

കുട്ടികളുടെ സർഗാത്മകശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപകർക്ക് പുറമേ സാഹിത്യ ആസ്വാദകരായ മറ്റു അധ്യാപകർ, പ്രാദേശിക എഴുത്തുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്കുമെന്റ് ചെയ്യണം. കുട്ടികളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം.

## 4. സെമിനാർ

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്, സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾതല സെമിനാർ ഡോക്കുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 5. ചുമർ മാഗസിൻ

ഓരോ ക്ലാസിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽത്തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം

## 6. കൈയെഴുത്ത് / ഡിജിറ്റൽ മാഗസിൻ

പഠന പ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസ്സുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ് തല പത്രാധിപസമിതി രൂപീകരിക്കണം. ചുമർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

## 7. സാഹിത്യപഠനയാത്ര

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനുള്ള പദ്ധതി. ഇതിന്റെ പ്രാധാന്യം ക്ലാസ് പി റ്റി എയിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും ക്ലാസ് അടിസ്ഥാനത്തിൽ പഠനയാത്ര നടത്തണം. ഇതിന്റെ ഡോക്യുമെന്റേഷൻ തയ്യാറാക്കണം. ഭാഷയോടും കേരളസംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുവാൻ ഇത് സഹായിക്കും.

# अकादमिक मास्टर प्लान
# हिंदी
# एफ एम जी एच एस एस कूम्पनयारा
# 8 ,9,10

| क्रम संख्या | लक्षय | गतिविधियाँ | उत्तरदायित्व | कालांश | आर्थिक सहायता |
|---|---|---|---|---|---|
| 1 | पूर्वज्ञान की संशोधन<br>। छात्रों को स्कूल वातावरण की ओर लाना<br>: पिछडे छात्रों को आगे लाने की कोशिश करना<br>नशा विरुद्ध नाराएँ बनाना<br>जम्बा नाच में भाग लेने का अवसर देना | चार्ट देता है। उसमें से सर्वनाम और विशेषण ढूँढने के लिए, यह कहता है: कविता, कहानी भरने के लिए दी गई है। वह संकेत लिखने और उन्हें कक्षा में प्रदर्शित करने के लिए कहता है। | हिंदी अध्यापक | जून | पी डी ए |
| 2 | स्कूल में प्रवेश लेने वाले सभी बच्चों में प्रभावी ढंग से हिंदी लिखने, पढ़ने और बोलने की क्षमता विकसित करना। | पढ़ने के अभ्यास को अतिरिक्त महत्व दिया जाता है।<br><br>वे कार्टून और कॉमिक्स पढ़कर विचार प्रस्तुत कर सकते हैं। | हिंदी अध्यापक | जुलाई अगस्त | पूर्व विध्यार्थी |

| | | | | | |
|---|---|---|---|---|---|
| 3 | यह छात्रों को आसानी से हिंदी लिखने और पढ़ने का प्रशिक्षण देता है। पढ़ने के अभ्यास को विशेष महत्व दिया जाता है। | कविता पाठ, कहानी सुनाना, कविता और पोस्टर बनाने का आयोजन किया जाता है। | हिंदी अध्यापक | सितंबर अक्तूबर | पी डी ए |
| 4 | छोटे- छोटे नारे लिखना जानता हूं।<br>पोस्टर बनाना जानता हकविता पढ़ना और टिप्पणी तैयार करना जानता हूं। | पोस्टर का मॉडल उपलब्ध कराया जाता है। विभिन्न विषय दिए जाते हैं। मूल्यांकन कक्षा में प्रदर्शित करके किया जाता है। | हिंदी अध्यापक | नवंबर | पी डी ए |
| 5 | बच्चों की भाषा सुधारने के उद्देश्य से भाषा कला से संबंधित गतिविधियाँ आयोजित की जाती हैं। | साहित्यिक कौशल विकसित करने के लिए हिंदी सप्ताह समारोह के दौरान हिंदी कला उत्सव का अच्छे ढंग से आयोजन किया जाता है। बच्चों की सर्वोत्तम भागीदारी सुनिश्चित की जाती है। | हिंदी अध्यापक | दिसंबर जनवरी | पूर्व विध्याथी |

| | | | | | |
|---|---|---|---|---|---|
| 6 | पाठ का संदर्भ दिया गया है। छात्रों से पात्रों पर आधारित एक ऐतिहासिक नोट तैयार करने को कहा गया है। छात्रों को हर दिन एक डायरी लिखने का निर्देश दिया गया है। | उसमें से सर्वनाम और विशेषण ढूँढ़ने के लिए, यह कहता है: कविता, कहानी भरने के लिए दी गई है। वह संकेत लिखने और उन्हें कक्षा में प्रदर्शित करने के लिए कहता | हिंदी अध्यापक | फरवरी मार्च | बीआर सी |
| 7 | नाटक मंच पर खेला जाता है। संवाद तैयार करके और संदर्भ के अनुरूप बताया जाता है। | पटकथा और पात्रों की चरित्र चित्रण तैय्यार करने की प्रक्रिया देता मंचोकरण को अवसर दे | हिंदी अध्यापक | मार्च | पी डी ए |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

# മേഖല- ഹൈസ്കൂൾ-ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, ഗണിത ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2)നിർമിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 3)ഗണിതത്തേ നിത്യജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടെമിൽ ഒന്ന് | അധ്യാപകർ, പി റ്റി എ | പി റ്റി എ |

| | | | | |
|---|---|---|---|---|
| 4)ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു, ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു<br>സംഘ പഠനം | അക്കാഡമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ് | പി റ്റി എ |
| 5)സംഘ ബോധം ഉണ്ടാക്കൽ | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠസൂത്രണം എന്നിവ കൂട്ടായ പ്രവർത്തങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6)അധ്യാപകർ കാലാനുസൃതമായി ചെറിയ ക്ലാസ്സ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | ഗണിത ഗ്രാമം : കുട്ടികളോടൊപ്പം സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ<br>ഗണിത മാഗസിൻ : എല്ലാ ക്ലാസ്സിലെയും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ<br>ഗണിത അധ്യാപകർ | |
| 7)ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ക്ലബ് ചാർജ് ടീച്ചർ, ക്ലാസ്സ് ലീഡർ | ഗണിത ക്ലബ്, മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| 8)ഗണിത വുമായി ബന്ധപ്പെട്ട രചനകൾ<br><br>9)ഗണിത മത്സര വേദിയിലേക്ക് :മേള കളിൽ ഊർജസ്വലത കൈവരിക്കൽ<br><br>10)ഗണിത ലാബ് | മെച്ചപ്പെടുത്തൽ, മത്സരങ്ങൾക് പ്രപ്തരാക്കൽ.<br><br>ശില്പശാലകളിലൂടെ ലാബിലേക് അവശ്യമായ പട നൊപകരണങ്ങൾ  ശേഖരിക്കൽ<br><br>മാസത്തിൽ ഒരു പി ടി എ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ വെള്ളിയാഴ്ചകളിലും രചനകൾ ശേഖരണം<br><br>മാസത്തിൽ ഒന്ന്<br><br>ജൂലൈ, ഓഗസ്റ്റ്<br><br>എല്ലാ അധ്യാപകരും | ക്ലബ് സെക്രട്ടറി, അദ്ധ്യാപകർ, പി ടി എ<br><br>ക്ലബ് സെക്രട്ടറി, അധ്യാപകർ, പി ടി എ<br><br>അധ്യാപകർ, hm, പി ടി എ പ്രസിഡന്റ് | പി റ്റി എ<br><br>പി റ്റി എ<br><br>പി ടി എ |

| | | | | |
|---|---|---|---|---|
| 11)രക്ഷിതാക്കളെ ബോധവത്കരിക്കൽ | | | | |
| | | | | |

# FMGHSS KOOMPANPARA 2025-26

## ACADEMIC MASTER PLAN 2025 -2026 HS ENGLISH

| SL.NO | LEARNING OBJECTIVES | ACTIVITY | RESPONSIBILITY | REMEDIAL MEASURES | DURATION |
|---|---|---|---|---|---|
| 1 | ENHANCE CREATIVITY | DIARY ENTRY CHARACTER SKETCH | ENG.LANG.TRS | HELP TO EXPRESS FEELINGS AND EMOTIONS IN VARIOUS SITUATIONS USING ADEQUATE AND APPROPRIATE LANGUAGE | JUNE,JULY |
| 2 | LEARNING TO CONSTRUCT ONE OF THE DISCOURSES | PROFILE WRITING | ENG.LANG.TRS | ARRANGING THE HINTS GIVEN LOGICALLY AND SEQENTIALLY | AUGUST |
| 3 | COMMUNICATE EFFECTIVELY IN SIMPLE LANGUAGE FORMALLY AND INFORMALLY ACCORDING TO THE SITUATION | LETTER WRITING | ENG.LANG.TRS | GIVE DIFFERENT TEMPLATES OF LETTERS BOTH FORMAL AND INFORMAL | SEPTEMBER |
| 4 | READ AND COMOREHEND THE PROSE SECTION | NARRATIVE | ENG.LANG.TRS | GIVE ADDITIONAL INFORMATION AND PROVIDING THELEARNING MATERIALS | OCTOBER |

| | | | | | |
|---|---|---|---|---|---|
| 5 | ENRICH AND IMPROVE EXTEMPORE SKILLS.TO MAKE AWARE ON THE ADVERSE EFFECT OF USING DRUGS | SPEECH -ON DRUG ABUSE AMONG YOUTH | ENG.LANG.TRS | GIVE OPPORTUNITIES TO LISTEN AND PRACTICESPEECH BY POPULAR PERSONALITIES IN THE CLASSROOM | NOVEMBER |
| 6 | COMMUNICATE EFFECTIVELY IN SIMPLE LANGUAGE FORMALLY AND INFORMALLY ACCORDING TO THE SITUATION | CONVERSATION | ENG.LANG.TRS | CREATE VARIOUS SITUATIONS TO BRING OUT THEIR COMMUNICATIVE SKILLS | DECEMBER |
| 7 | ENABLE THE LEARNER IN LOGICAL THINKING AND SEQUENCING THE DETAILS IN ORDER.TO MAKE AWARE ON THE IMPORTANCE OF CLEANLINESS | NOTICE,POSTER MAKING- CLEAN HOME AND CLEAN CAMPUS | ENG.LANG.TRS | TO MAKE THE IDEAS MORE CLEAR TO GIVE DIFFERENT FORMATS AND LAYOUTS | JANUARY |
| 8 | PRACTICING LSRW | LANGUAGE ELEMENTS | ENG.LANG.TRS | TEACH RULES OF GRAMMATIC ELEMENTS AND GIVE EXERCISES USING ICT | FEBRUARY |
| 9 | EVALUATION | REVISION | ENG.LANG.TRS | PREVIOUS YESR QN.PAPERS AND SUPPORT THE LEARNERS IN ALL THE AREAS OF LEARNING | MARCH |

## അക്കാദമിക മാസ്പ്ലാൻ
## പ്രവർത്തി പഠനം
## 2025 - 2026

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതിക സാഹചര്യങ്ങൾ | പിന്തുണ |
|---|---|---|---|---|
| മുഴുവൻ കുട്ടികളെയും പഠന അനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമാക്കൽ | പേപ്പർ പേൻ നിർമ്മാണം | ജൂൺ<br>ജൂലൈ | നിർമ്മാണ സാമഗ്രികൾ | PTA |
| | ഫാബ്രിക് പെയിന്റിംഗ്<br>നോട്ട്ബുക്ക് നിർമ്മാണം<br>ആശംസ കാർഡ് നിർമ്മാണം | ഓഗസ്റ്റ്<br>സെപ്റ്റംബർ | | |
| | വീടിന്റെ മാതൃക നിർമ്മാണം<br>കൃഷി<br>സ്വയം അവ ബോധം വളർത്തൽ<br>ലഹരിയുടെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കുന്നു | ഒക്ടോബർ<br>നവംബർ | | സ്റ്റാഫ് |
| | സ്വയം പരിപാലനം<br>പ്ലാമിങ്<br>പെൻ സ്റ്റാൻഡ് നിർമ്മാണം<br>നക്ഷത്ര നിർമ്മാണം<br>വിനോദവും വിജ്ഞാനവും | ഡിസംബർ | | |
| | പൂക്കൾ നിർമ്മാണം | | | |
| | അളക്കാം വരയ്ക്കാം<br>അലങ്കാരവസ്തുക്കളുടെ നിർമ്മാണം<br>നാരുകളുടെ ലോകം<br>ഫയൽ നിർമ്മാണം | ജനുവരി<br>ഫെബ്രുവരി | | |

| അക്കാദമിക് മാസ്റ്റർ പ്ലാൻ ആരോഗ്യ കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| മേഖല | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് |
| ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസനക്ഷമതയും കായിക ശേഷിയും വർദ്ധിപ്പിക്കുക | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സുംബ ഡാൻസ് പരിശീലനം | സ്കൂൾതല സമിതികൾ | ജൂൺ 1 മുതൽ ഫെബ്രുവരി 28 വരെ |
| | വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രാപ്തയാക്കുന്നു | കളികൾക്ക് ശേഷം കൈകാലുകൾ കഴുകി വൃത്തിയാക്കുക മുഖം കഴുകുക എന്നിവ ശീലിപ്പിക്കുന്നു | | 1 മാസം |
| | കുട്ടികളെ ആരോഗ്യ കായിക ക്ഷമത നേടുന്നതിന് പ്രാപ്തയാക്കുന്നു | ഷട്ടിൽ റിലേ,നടത്തം, ജോഗിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികളെ ചെയ്യിപ്പിക്കുന്നു | | 2 മാസം |
| | കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകളുടെ വികസനം | കലസ്തനിക്സ്, പാസ്ബുൾ, റൊട്ടേഷൻ പരിശീലനം. | | 2 മാസം |
| | ജീവിതശൈലി രോഗങ്ങൾ പ്രതിരോധിക്കൽ | കലസ്തനിക്സ്, പാസ്ബുൾ, റൊട്ടേഷൻ പരിശീലനം. | | 2 മാസം |

| | | | | |
|---|---|---|---|---|
| | ജീവിതശൈലി രോഗങ്ങൾ പ്രതിരോധിക്കൽ | ഫുഡ് പിരമിഡ് ഗെയിം കളിപ്പിക്കുന്നു നല്ല ആഹാര ശീലങ്ങൾ പരിചയപ്പെടുത്തുന്നു | | 2 മാസം |
| | വ്യക്തിഗത ആരോഗ്യത്തിലൂടെ സാമൂഹിക ആരോഗ്യം നേടുന്നു | ബ്രീത്തിങ് വ്യായാമമുറകൾ, പാസ് ബോൾ ചെയ്യിപ്പിക്കുന്നു | | 2 മാസം |
| | കായിക പ്രവർത്തനത്തിലൂടെ മനുഷ്യ ശരീരത്തെയും അതിന്റെ പ്രവർത്തനങ്ങളെയും സജ്ജമാക്കുന്നു | യോഗ പരിശീലിപ്പിക്കുന്നു | | 2 മാസം |
| | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു | അമിത ലഹരി ഉപയോഗം പ്രതിരോധിക്കുവാൻ കുട്ടികളെ കളികളിലും കായിക പ്രവർത്തനത്തിലും സ്ഥിരമായി ഏർപ്പെടുത്തുന്നു | | 2 മാസം |

**FMGHSS KOOMPANPARA**

**ACADEMIC MASTER PLAN 2025-2026**

**UP ENGLISH**

| AIM | ACTIVITIES | MONTH | RESPONSIBLE PERSON | ECONOMIC PERSON |
|---|---|---|---|---|
| To encourage Listening &Speaking. Introduce simple stories and rhymes.<br><br>To enhance vocabulary.<br><br>To make aware of drug abuse | Interactive storytelling sessions discussing themes, characters and plots to enhance listening skills.<br><br>Group discussions and role-plays toimprove speaking skills.<br><br>Creating posters on drug abuse. | June-<br><br>July | English Teachers | English club |
| To encourage Reading: Develop basic reading, writing, listening, and | Interactive Reading Circles: Divide students into small groups and | August-September | English Teachers | English Club |

| | | | | |
|---|---|---|---|---|
| speaking skills.<br>Cultivate effective communication skills for various contexts. | provide them with short stories.<br>Each group reads the assigned text together<br>and discusses key elements like plot,<br>characters, and themes. | | | |
| To develop Writing Skills<br>Introduce grammatical concepts such as parts of speech, tenses, and sentence<br>structure.<br><br>To encourage cleanliness and hygiene | Worksheets on parts of speech, punctuation and sentence types.<br><br>Interactive games | October-November | English Teachers | English Club |

| | | | | |
|---|---|---|---|---|
| Expand vocabulary through<br>reading and interactive activities.<br><br>To promote integral quality in English Education | Interactive language games and activities to<br>reinforce vocabulary, grammar, and<br>language skills in an engaging way. | December<br>January | English Teachers | English Club |
| Promote integral quality in English education | Vocabulary games and exercises to build word knowledge.<br><br>Creative Writing on story, poem, plays and songs | February-<br>March | English Teachers | English Club |

| അക്കാദമിക് മാസ്റ്റർ പ്ലാൻ<br>ഗണിതം Std IV | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതലകൾ** | **സാമ്പത്തികം** |
| | **കളിക്കാം..ഗണിക്കാം** | | | |
| ഗണിത പഠനം രസകരമാ ക്കൽ (ചതുഷ്ക്രിയകൾ ലളി തമാക്കൽ) | വിവിധതരം കളി കൾ ആസൂത്ര ണം ചെയ്യൽ- നടപ്പാ ക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്ക ലനം- വ്യവക ലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| . | **ഒറിഗാമിയിലൂടെ പഠിക്കാം** | | | |
| ഗണിതശാസ്ത്ര പഠനം രസക രമാ ക്കൽ- കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങ ളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരി ക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| | **ഗണിതലാബ്** | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരു ക്കൽ- പഠനത്തിന് ഉപയോഗപ്പെടു ത്തൽ | വർഷം മുഴുവൻ<br>HM | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | **ഗണിതച്ചുമർ** | | | |
| ഗണിത രൂപങ്ങളു ടെ പ്രായോഗിക മൂല്യം തിരിച്ചറി യൽ | ഗണിത ച്ചുമർ ഒരു ക്കൽ ഉപയോഗപ്പെടു ത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ PTA | |
| | **ഗണിതപഠനോപകരണ ശില്പശാല** | | | |
| പഠനോപകരണങ്ങ ളിലൂടെ ഗണിതപ ഠനം രസകരമാ ക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോ പക രണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| | **ഗണിതമേള** | | | |
| ഗണിത ശേഷിക ളുടെ പ്രക ടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങ ളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026 യു.പി  സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്ര പഠനം ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി പഠിക്കുക. | ➢ ഔഷധതോട്ടനിർമ്മാണം<br>➢ പച്ചക്കറിത്തോട്ടംനിർമ്മാണം<br>➢ ഇന്ധനങ്ങളുടെഅമിതഉപയോഗംഎങ്ങനെതടയാംസെമിനാർനടത്തുന്നു<br>➢ കായിക പ്രജനന രീതികൾ മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു.<br>➢ ജൈവവൈവിധ്യരജിസ്റ്റർതയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ, സയൻസ് ക്ലബ്ബ്, | സയൻസ് ക്ലബ്ബ്, രക്ഷിതാക്കൾ |
| 2. ശാസ്ത്ര പഠനം രസകരം ആണെന്ന് തിരിച്ചറിഞ്ഞ് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നു | • skit അവതരണം ഊർജ്ജസംരക്ഷണം വൈദ്യുതിസംരക്ഷണം പരിസ്ഥിതിസംരക്ഷണം<br>• Role play അവതരണം | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ, സയൻസ് ക്ലബ്ബ്, | രക്ഷിതാക്കൾ |
| 3. ഗുണമേൻമ വിദ്യാഭ്യാസത്തിൽ പരീക്ഷണങ്ങൾ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | ❖ പാഠഭാഗങ്ങളുമായിബന്ധപ്പെടുത്തിനിരവധിപരീക്ഷണങ്ങളിൽഏർപ്പെടൽ<br>❖ ഓരോപാഠഭാവുമായിബന്ധപ്പെടുത്തിനിരവധിഉപകരണങ്ങൾനിർമ്മിക്കുന്നു.<br>❖ പരീക്ഷണസാമഗ്രികൾശേഖരിച്ച്പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രധ്യാപകർ, | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 4. വീടുകളിൽ നിന്ന് ചെയ്യാൻ സാധിക്കുന്ന പരീക്ഷണങ്ങൾ ചെയ്യുന്നതിനായി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു | ○ പച്ചക്കറിതോട്ടനിർമ്മാണം<br>○ Grafting, layering budding<br>○ വൈദ്യുതിഉപയോഗവുമായി ബന്ധപ്പെടുത്തിസർവ്വേനടത്തുക | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ, | രക്ഷിതാക്കൾ |
| 5. കുട്ടികൾ സ്വന്തമായി വർക്ക് ഷീറ്റ് നിർമ്മിക്കുന്ന തരത്തിലേക്ക് കുട്ടികളെ എത്തിക്കുന്നു. | ➢ പാഠഭാഗങ്ങളിലെഓരോTopic ബന്ധപ്പെടുത്തിwork sheet നിർമ്മാണം,ചാർട്ട്നിർമ്മാണം. | ജൂൺ മുതൽ | ശാസ്ത്രധ്യാപകർ, | PTA |
| 6. ആശയ വിനിമയ ശേഷി കണ്ടെത്തി കുട്ടികളെ പ്രോൽസാഹിപ്പിക്കുക | ▪ Debate,<br>▪ chart presentation<br>▪ Chartനിർമ്മാണം<br>▪ Still model,working model | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ, | രക്ഷിതാക്കൾ, PTA |
| 7. ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് ശാസ്ത്രപഠനം ലളിതം ആണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു. | ✓ വീഡിയോപ്രദർശനം<br>✓ വിവിധപാഠഭാഗങ്ങളുടെ power point presentation<br>✓ ചിത്രീകരണം | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ, | രക്ഷിതാക്കൾ, PTA |
| 8. അന്വേഷണ ചിന്ത വളർത്താൻ കുട്ടികളെ പ്രാപ്തരാക്കുക. | ❖ ശാസ്ത്രപതിപ്പ്തയ്യാറാക്കൽ<br>❖ പഠനപ്രൊജക്റ്റ്<br>❖ സെമിനാർ | ജൂൺ മുതൽ | ശാസ്ത്രധ്യാപകർ, സയൻസ് ക്ലബ്ബ്, | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| **9. ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുന്നു. ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.** | • പരീക്ഷണങ്ങൾചെയ്യാൻകുട്ടികൾക്ക്അവസരംനൽകുക.<br>• ശാസ്ത്രതത്വഉപയോഗിച്ച്കുട്ടികൾനിർമ്മിക്കുന്നമോഡൽ പരിചയപ്പെടാനുള്ളഅവസരംനൽകുന്നു | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ, സയൻസ് ക്ലബ്ബ്, | രക്ഷിതാക്കൾ |
| **10. ആരോഗ്യകരമായ ജീവിതത്തിന് വ്യക്തിശുചിത്വവും സാമൂഹിക ശുചിത്വവും അനിവാര്യമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക** | ○ പോസ്റ്റർ നിർമ്മാണം<br>○ റോൾ പ്ലേ<br>○ സെമിനാർ അവതരണം<br>○ വീഡിയോ പ്രദർശനം | ജൂൺ മുതൽ | ശാസ്ത്രധ്യാപകർ | **PTA** |
| **11. ലഹരി എന്താണെന്നും ലഹരിയുടെ ഉപയോഗം ആപത്താണെന്നുമുള്ള ബോധം കുട്ടികളിൽ വളർത്തിയെടുക്കുക.** | ▪ പോസ്റ്റർ നിർമ്മാണം<br>▪ കുട്ടികൾക്കായി പ്രത്യേകം സെമിനാർ സംഘടിപ്പിക്കുക<br>▪ പതിപ്പ് തയാറാക്കുക<br>▪ റോൾ പ്ലേ അവതരണം | ജൂൺ മുതൽ | ശാസ്ത്രധ്യാപകർ | **PTA** |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| **1.**സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br><br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടി സ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| | **ഓർമ്മച്ചെപ്പ്**<br><br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ |
| **2.**ലഹരി ക്കെതിരെ പ്രവർത്തിക്കുവാൻ വിദ്യാർത്ഥികളെ സജ്ജരാക്കുന്നു.ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ചും സമൂഹത്തിൽ ലഹരി വരുത്തുന്ന വിപത്തുകളെക്കുറിച്ചും അവബോധം ഉള്ളവരായി വളർത്തി യെടുക്കുക | **ജീവിതമാണ് ലഹരി**<br><br>**മദ്യം,മയക്കുമരുന്ന് മറ്റ് ലഹരിവസ്തുക്കളുടെ ഉപയോഗം ഇവ സമൂഹത്തിൽ വരുത്തുന്ന വിപത്തിനെ കുറിച്ചും വിദ്യാർഥികളെ വലയിട്ട് പിടിക്കുന്ന മയക്കുമരുന്ന് മാഫിയയുടെ കെണികളെ കുറിച്ചും മയക്കുമരുന്നിന്റെ** | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ |

| | | | | |
|---|---|---|---|---|
| | **ഉപയോഗം കുട്ടികളിൽ വരുത്തുന്ന ദൂഷ്യഫലങ്ങളെയും കുറിച്ച് ബോധവാന്മാരാക്കുന്ന ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.** | | | |
| **3.** പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br><br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |
| **4.**ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br><br>ഗ്രാമസഭ, വാർഡ് സദ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| **5.** പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ എർപ്പൊൻ പഠിതാ ക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br><br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങ ളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ | ആഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ പി ടി എ സോഷ്യൽ സയൻസ് ക്ലബ് | സാമൂഹ്യ ശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| **6**. പ്രകൃതിസ്നേഹവും പ്രകൃതിയോടുള്ള ബഹുമാനവും വളർത്തി പ്രകൃതിയെ സംരക്ഷിക്കേണ്ടത് എൻ്റെ കടമയാണ് എന്ന ബോധ്യത്തിലേക്ക് കുട്ടികളെ വളർത്തുന്നു | ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.<br><br>**ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് വഴി പ്രകൃതിയോടുള്ള സ്നേഹവും പ്രകൃതി സംരക്ഷണവും കുട്ടികളിൽ വളർത്തിയെടുക്കുന്നു** | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |
| **7.** സഹജീവികളോട് സമ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിൻ്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങ ളിൽആശ്വാസഹസ്തമാകുന്നു. | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 8. വിവരവിനിമയ സാങ്കേ തിക വിദ്യയുടെ ദുരുപയോ ഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാ ന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br><br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻ്റെ ആദിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | |
| **9.** സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടു ത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻ്റെ ഇട പെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടു കൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | നവംബർ<br><br>ഡിസംബർ | സോഷ്യൽ സയൻസ് അധ്യാപകർ | സ്കൂൾ |
| **10**. ഗുണമേന്മ വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളെ നല്ല പൗരന്മാരായി വളർത്തിയെടുക്കുന്നു | മോക്ക് പാർലമെന്റ് അവതരണം വഴിയായി സാമൂഹ്യ തിന്മകളെ പറ്റി ബോധവാന്മാരാക്കുകയും സമൂഹത്തെ പടുത്തുയർത്തുവാൻ വേണ്ട മൂല്യങ്ങളെ പറ്റി ചർച്ച ചെയ്യുകയും ചെയ്യുന്നു | ജനുവരി<br><br>ജനുവരി | സോഷ്യൽ സയൻസ് അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| 11.സാമൂഹ്യ ശാസ്ത്ര വിഷ യത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തി ലേക്ക് എത്തിക്കുന്നു | **പുതുചക്രവാളത്തിലേക്ക്**<br><br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിൻ്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | ഫെബ്രുവരി<br><br>മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ: 2025 – 26

## FMGHSS KOOMPANPARA - UP

## MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾഎല്ലാകുട്ടികൾ ക്കുംഉറപ്പ് വരുത്തുന്നു. | ചതുഷ്ക്രിയ കളരി<br><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, ഫ്ളാഷ് കാർഡ്,.ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും നിർമാണ ശേഷികളുടെ വികാസവും. | ഒറിഗാമി ശിൽപ്പശാല<br><br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, പി.ടി.എ |

| | | | | |
|---|---|---|---|---|
| 3) ഗണിത പഠന പ്രവർത്തന ങ്ങൾ Active ആക്കൽ. | ഗണിത ലാബ്<br><br>കുട്ടികൾ തനിയെ ഉണ്ടാക്കികൊണ്ടുവരുന്ന ഗണിത ഉപകരണങ്ങൾ ചേർത്തുവച്ച് ഗണിത ലാബ് സജ്ജീകരിക്കേൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി **ഗണിത പാർക്ക്** പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടി കളുടെ താൽപ്പര്യം വർദ്ധിപ്പി ക്കൽ | ഗണിത ക്വിസ്<br><br>കുട്ടികളുടെ ചിന്താശേഷിയും ക്രിയാത്മകതയും വർധിപ്പിക്കുന്നതിനും പഠനവും വായനയും വിശാലമാക്കുന്നതിനുമായി ഗണിത ക്വിസ് നടത്തുന്നു | വർഷത്തിൽ 2 തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **6** ജ്യാമിതീയരൂപങ്ങളുടെ പ്രത്യേകതകൾതിരിച്ചറിയുന്നു | ജ്യാമിതീയ രൂപങ്ങളുടെ മനോഹാരിത തിരിച്ചറിയാനും വിവിധ രൂപങ്ങളുടെ പ്രത്യേകതകൾ മനസിലാക്കുന്നതിനുമായി Geometric Pattern നിർമാണ മത്സരം സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, പി.ടി.എ |
| 7) ഗണിതത്തിൽ പിന്നോക്കംനിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിന്നു. | <u>ഗണിത ക്ലിനിക്ക്</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേറ മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യ കൾ ഗണിതപഠനത്തിനായിപ്രയോജനപ്പെടുത്തുന്നു | ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, കോണുകൾ , ശതമാനം, തുടങ്ങിയവ വ്യക്തമായ രീതിയിൽ മനസിലാക്കികൊടുക്കുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 9) വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി<br>ബന്ധപ്പെട്ട് നടത്തേറ പ്രവർത്തനങ്ങൾ SRG യിൽ രൂപ പ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | |
| 10). ഗണിത പഠനം രസകരമാക്കാൻ അന്വേഷണ ത്വര കുട്ടികളിൽ ഉണ്ടാക്കാൻ | ഗണിത മാഗസിൻ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |


അക്കാദമിക മാസ്റ്റർപ്ലാൻ
രണ്ടാം ക്ലാസ്സ്
2025-2026
FMGHSS KOOMPANPARA

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ്:-2

വിദ്യാലയത്തിൻറ പേര്:FMHHSS KOOMPANPARA

രണ്ടാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം:136

## അക്കാദമിക പ്രവർത്തന ലക്ഷ്യങ്ങൾ*

1. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുക (മലയാളം, ഇംഗ്ലീഷ്)
2. പരിചയപ്പെടുത്തിയ അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ ഉൾപ്പെടുന്ന രചനകൾ വായിക്കാൻ കഴിവ് നേടുക. (മലയാളം, ഇംഗ്ലീഷ്)
3. രക്ഷിതാവിൻറ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുക
4. രക്ഷിതാക്കളെ സംബന്ധിച്ച പങ്കാളിത്തം ഉറപ്പാക്കാനുള്ള രീതികൾ വികസിപ്പിക്കുക.
5. ആകർഷകവും സമഗ്രവുമായ നോട്ടിബുക്ക് എല്ലാ കുട്ടികൾക്കും ഊപ്പാക്കുക.
6. ആശയാവതരണ നീതികളുടെ പ്രയോഗ്യതയും സാധുതയും ഗൗരവമായി പഠിക്കുക.
7. സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുക.
8. പരിസര പഠനവുമായി ബന്ധമുള്ള സംഘ നിർമാണപ്രാജക്ടുകളിൽ ധാരണ നേടുക.

# ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

1. പഠനോപകരണ ശില്പശാലകൾ (ഓരോ യൂണിറ്റിനും).

2. ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ നൽകി).

4. കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെൻറ് ചെയ്യലും പങ്കിടലും.

5. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.

6. പരീക്ഷണോത്സവം, പഠനപ്രവർത്തനങ്ങൾക്കൊപ്പം കുട്ടികൾ ഏർപ്പെടുന്ന ലഘു പരീക്ഷണങ്ങൾ.

7. സചിത്ര ഡയറി, സംയുക്ത ഡയറി ആശയം രക്ഷിതാക്കളെ ബോധിപ്പിക്കൽ.

8. പഠന പുരോഗതിയുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കട്ടികൾക്കും ആവശ്യമായ ശില്പശാലകൾ

9. കുട്ടികളുടെ സ്വയം വിലയിരുത്തലും പരസ്പര വിലയിരുത്തലും അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിലയിരുത്തലും.

10. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ.

11.വായനോത്സവം ,രചനോത്സവം ,ലഹരി ബോധവൽക്കരണം

# ഉള്ളടക്കം

* ആമുഖം

* പ്രത്യേക പ്രവർത്തന പാക്കേജ്

* പ്രവർത്തനം വിശദാംശങ്ങൾ : മലയാള മധുരം

* സംയുക്ത ഡയറി

* പാട്ടരങ്ങ്

* നാട്ടുവിശേഷം കുട്ടെഴുത്ത്

* റീഡേഴ്സ് തിയേറ്റർ

* ക്ലാസ് പത്രം

ഭാഷോത്സവം

* രചനോത്സവം

അരങ്ങത്തേക്ക്

പരീക്ഷണോത്സവം

സമഗ്ര പുരോഗതി രേഖ

അക്കാദമിക മോണിറ്ററിങ്

വികാസപ്രദ വിലയിരുത്തൽ

വാർഷികാസൂത്രണം

*ഒന്നാം ടേം PTA അജണ്ട

* പ്രവർത്തനക്കലണ്ടർ

* ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ

# ആമുഖം

വിദ്യാഭ്യാസത്തിൻറ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിൻറ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയെയും പഠനത്തിൻറ   മികവുറ്റ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.അധ്യാപന അഭ്യസന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അദ്ധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും, സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിൻറ   കാതൽ.

# വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ക്ലാസിലെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി സംയുക്ത ഡയറി കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആകുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.
- കുട്ടികൾ സ്വയംപ്രവർത്തനങ്ങളിൽ ഏർപെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
- സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിsâ അംഗീകാരം ലഭ്യമാക്കും.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ.
- ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തന കലണ്ടർ | മെയ് 2025 (അവലോകനം) |
| 2 | പ്രത്യേക പ്രവർത്തന പാക്കേജ് | ജൂൺ 3 -ജൂൺ 13 ,2025 |
| 3 | മലയാള മധുരം | ജൂൺ 2025- മാർച്ച് 2026 |
| 4 | സംയുക്ത ഡയറി | ജൂൺ 2025- മാർച്ച് 2026 |
| 5 | പാട്ടരങ്ങ് | ജൂൺ 2025- മാർച്ച് 2026 |
| 6 | പ്രവർത്തന പുസ്തകം വർക്ക് ബുക്ക് | ജൂൺ 2025 വിതരണം |
| 7 | റീഡേഴ്സ് തിയേറ്റർ | ജൂലൈ 2025-മാർച്ച് 2026 |
| 8 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ 2025-മാർച്ച് 2026 |
| 9 | ക്ലാസ് പത്രം | ജൂൺ 2025 ആരംഭം ഓഗസ്റ്റ് 2025 മുതൽ മാസം ഓരോന്ന് വീതം |
| 10 | രചനോത്സവം | ജൂലൈ 2025 മുതൽ ഫെബ്രുവരി 2026 വരെ മാസംതോറും |
| 11 | ഭാഷോത്സവം | ജനുവരി 2026 |
| 12 | ഗണിത കിറ്റ്, ഗണിത മൂല | ജൂൺ 2025- മാർച്ച് 2026 |
| 13 | ഗണിതം സചിത്ര നോട്ടുബുക്ക് | ജൂൺ 2025- മാർച്ച് 2026 |
| 14 | Hello English adaptation | ജൂൺ 2025- മാർച്ച് 2026 |
| 15 | ക്ലാസ് തല ബാലസഭ | എല്ലാ ശനി ദിവസങ്ങളിലും പ്രവർത്തനമുള്ള ദിവസങ്ങളിൽ |
| 16 | അരങ്ങത്തേക്ക് | ജൂലൈ 2025-മാർച്ച് 2026 |

| | | |
|---|---|---|
| 17 | പരീക്ഷണോത്സവം | ജൂലൈ 2025-മാർച്ച് 2026 |
| 18 | അക്കാദമിക മോണിറ്ററിംഗ് | എല്ലാമാസവും |
| 19 | വികാസ പ്രദ വിലയിരുത്തൽ | എല്ലാമാസവും |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## ജൂൺ 3 മുതൽ ജൂൺ 13 വരെ പ്രത്യേക പ്രവർത്തനങ്ങൾ

| തിയതി | വിഷയ മേഖലകൾ |
|---|---|
| 3/6/2025 | പൊതു വിഷയങ്ങൾ |
| 4/6/2025 | റോഡ് നിയമങ്ങൾ, സ്കൂൾ വാഹന സഞ്ചാരം, |
| 5/6/2025 | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം |
| 9/6/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/6/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/6/2025 | പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ |
| 13/6/2025 | രാസ ലഹരി, സ്ക്രീൻ ലഹരി |

## സ്കൂളിൽ നടക്കേണ്ട കാര്യങ്ങൾ

- # എസ്.ആർ.ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം. എസ്.ആർ.ജി മാസ്സിൽ തയ്യാറാക്കണം.
- # 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.

- # കുട്ടികളുടെ പ്രായത്തിനനുസരമായി സ്കൂൾ മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം.
- # സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം.
- #ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റുവിഷയങ്ങളിലുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം.
- # ജൂൺ 3 മുതൽ 13 വരെയുള്ള  ദിവസങ്ങളിൽ ആണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.
- # ഒരു ദിവസം ഒരു മണിക്കൂർ നീക്കി വെക്കണം. നാടകം, സെമിനാർ, ഡിബേറ്റ് ,റോൾ പ്ലേ എന്നിവ നടക്കുന്നുണ്ട് എങ്കിൽ അത്  പൂർണമാക്കാനുള്ള അവസരം നൽകണം.

പ്രത്യേക പ്രവർത്തന പാക്കേജ്

വിദ്യാലയങ്ങളിലെ ക്ലാസ് തല പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 2025 ജൂൺ 3 മുതൽ ജൂൺ 13 വരെയുള്ള തീയതികളിൽ ലോവർ പ്രൈമറി (എൽ.പി) തലത്തിലെ വിദ്യാർത്ഥികൾക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ രേഖ അടിസ്ഥാനപരമായ ധാരണകളും കുഴിവുകളും വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട്, അടിസ്ഥാന ആശയങ്ങൾ, സുരക്ഷ, ക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, വിവിധ ആകർഷകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ അവശ്യമായ ധാരണകളും കഴിവുകളും വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

എൽ.പി. തലത്തിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രവർത്തനങ്ങളുടെ സംഗ്രഹം താഴെ നൽകുന്നു.

1) വളരുന്ന കുട്ടികൾക്കൊപ്പം - രക്ഷിതാവറിയാൻ (കൈപ്പുസ്തകം)

2) ജീവിതപാഠം (കൈപ്പുസ്തകം)

3) a) തെളിവാനം വരയ്ക്കുന്നവർ(പുസ്തകം, അതിനായുള്ള മൊഡ്യൂൾ)

b) ലഹരി ഒരു തിരിച്ചറിവ് കുറിപ്പ്

4) സുരക്ഷിതയാത്ര (കൈപ്പുസ്തകം)

5) മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ശുചിത്വവിദ്യാലയം-

6) ഹരിതവിദ്യാലയം പ്രവർത്തനമാർഗ്ഗരേഖ

7) ആരോഗ്യം, വ്യായാമം, കായികക്ഷമത

* കൗമാര ആരോഗ്യം (RKSK) മാർഗ്ഗരേഖ

* ഉല്ലാസപ്പറവകൾ- കൈപ്പുസ്തകം

* സ്കൂൾ ഹെൽത്ത് & വെൽനസ്സ് പ്രോഗ്രാം - മാർഗ്ഗരേഖ

ആക്റ്റീവിറ്റി ബുക്ക്

* ആരോഗ്യ ജാഗ്രത - മാർഗ്ഗരേഖ

* സ്കൂൾ ആരോഗ്യ പരിപാടി - മാർഗ്ഗരേഖ

# എൽ.പി. തലത്തിലെ പ്രവർത്തന സംഗ്രഹം, ദിവസം തിരിച്ച്:-

## 2025 ജൂൺ 3: പൊതു വിഷയങ്ങൾ

സ്കൂളിലെ ആദ്യ ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെയും പരസ്പരം പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകണം.

നിലവിലുള്ള സ്കൂൾ വിഭവങ്ങളും സൗകര്യങ്ങളും എങ്ങനെ ഉപയോഗിക്കാരമെന്നും ക്ലാസ് മുറിയിലും സ്കൂൾ മൈതാനത്തും എങ്ങനെ ശരിയായി പെരുമാറണം എന്നതിനെക്കുറിച്ചുമുള്ള പൊതുവായ ധാരണ വളർത്താൻ ഈ സെഷൻ ലക്ഷ്യമിടുന്നു.

## പ്രധാന പ്രവർത്തനങ്ങൾ:

പരസ്പരം പരിചയപ്പെടൽ: വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും പരസ്പരം അറിയാനുമുള്ള അവസരങ്ങൾ ലഭിക്കും.

അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ: വിദ്യാർത്ഥികൾക്ക് അവരുടെ അവധിക്കാല അറാഭവങ്ങൾ പങ്കിടാം
വിദ്യാലയത്തെ മനസ്സിലാക്കൽ: സ്കൂളിൻ്റ വിവിധ ഭാഗങ്ങളായ കെട്ടിടം, ഓഫീസ്, സ്റ്റാഫ് റൂം, സ്റ്റോർ, ടോയ്ലറ്റുകൾ (ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള കുറിപ്പുകളോടെ), കളിസ്ഥലം, ആരോഗ്യ ഭക്ഷണ നടപടികൾ, പകർച്ചവ്യാധി പ്രതിരോധം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഉദ്യാനം), സസ്യ വൈവിധ്യം, ലൈബ്രറി എന്നിവയക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ സഹായിക്കും.

രീതിശാസ്ത്രം: നിരീക്ഷണം, ചർച്ചകൾ, കുറിപ്പുകൾ നയ്യാറാക്കൽ, ലളിതമായ ജോലികൾ എന്നിവയിലൂടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

# 2025 ജൂൺ 4 സുരക്ഷയും ഗതാഗതവും

പ്രാഥമിക നലത്തിലുള്ള കുട്ടികൾക്കായി സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, വിവിധ ഗാ സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കറിച്ചും വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

പ്രധാന പ്രവർത്തനങ്ങൾ:

റോഡ് സുരക്ഷാ ചർച്ച: റോഡിലൂടെ എങ്ങനെ നടക്കണം, റോഡ് എങ്ങനെ മുറിച്ചുകടക്കണം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പിന്നിലൂടെയോ മുന്നിലൂടെയോ റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിംഗിൻ്റ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടക്കം.

മോക്ക് ഡ്രിൽ: സ്കൂൾ കോമ്പൗണ്ടിൽ വച്ച് റോഡ് യാത്രാ സാഹചര്യങ്ങൾ അനുകരിച്ച്

വാഹനങ്ങളായും കാൽനടയാത്രക്കാരായും കൂട്ടികൾ പങ്കെടുക്കുന്ന ഒരു മോക്ക് ഡ്രിൽ നടത്തും.

സ്കൂൾ വാഹന സുരക്ഷ: സ്കൂൾ ബസുകളിലോ, ഓട്ടോറിക്ഷകളിലോ, മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകളും നിയരങ്ങളും, കയറുമ്പോഴും,ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

## 2025 ജൂൺ 5: ശുചിത്വം, പരിസ്ഥിതി, സൗന്ദര്യവൽക്കരണം, മാലിന്യമുക്ത വിദ്യാലയം

ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെടുത്തി വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ഹരിതവും മനോഹരവുമായ സ്കൂൾ കാമ്പസ് വളർത്തൽ എന്നിവയ്ക്ക് ഈ ദിവസത്തെ പ്രവർത്തനങ്ങൾ പ്രാധാന്യം നൽകുന്നു.

പ്രധാന പ്രവർത്തനങ്ങൾ:

വ്യക്തിഗത  ശുചിത്വം (10 മിനിറ്റ്):

ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് പാടുക.

ദൈനംദിന  ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സർവ്വേ നടത്തുക (ഉദാഹരണത്തിന്, ദിവസവും രണ്ടുനേരം പല്ല് തേക്കൽ, കുളി, വൃത്തിയുള്ള നഖങ്ങൾ, ഭംഗിയുള്ള മുടി, വൃത്തിയുള്ള പാദരക്ഷകൾ, വൃത്തിയുള്ള സ്കൂൾ ബാഗ്).

എല്ലാ ശുചിത്വ ശീലങ്ങളും സ്ഥിരമായി ഡിതമായി പാലിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുക.

ആരോഗ്യത്തിനും സന്തോഷത്തിനും സ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി

സർവ്വേ പ്രതിമാസം നടത്തണം.

അധ്യാപകരുമായി ചേർന്ന് സ്കൂൾ പരിസത്തിലൂടെ ഒരു പ്രകൃതി നടത്തം. ക്ലാസ്സുറി ,സാധനങ്ങൾ, പ്രിൻസിപ്പലിൻറ മുറി, സ്റ്റാഫ് റൂം, അടുക്കള ഭക്ഷണശാല, കൈ കഴുകുന്ന സ്ഥലങ്ങൾ, ടോയ്ലറ്റുകൾ എന്നിവയുടെ വൃത്തിയും ചിട്ടയും നിരീക്ഷിക്കുക.

നിരീക്ഷണത്തിന് ശേഷം സ്കൂൾ ശുചിത്വം എങ്ങനെ നിലനിർത്താം. സ്കൂ ളിൽ  ശുചിത്വത്തിൻറ പ്രാധാന്യം, വിദ്യാർത്ഥികൾക്ക് എങ്ങനെ പങ്കെടുക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.

# ഹരിത കാമ്പസ് (20 മിനിറ്റ്):

സ്കൂളിനെ പച്ചപ്പാക്കുന്ന സസ്യങ്ങളെക്കുറിച്ചും അവയെ പരിപാലിക്കുന്നതിൽ ഓരോ വ്യക്തിക്കും എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ചും ചർച്ച.

ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കൽ

വിദ്യാലയ സൗന്ദര്യവൽക്കരണം (10 മിനിറ്റ്):

സ്കൂൾ സൗന്ദര്യവൽക്കരണത്തിൽ ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച.

# 2025 ജൂൺ 9: പൊതുവായ ആരോഗ്യം

പൊതുവായ ആരോഗ്യപരമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസമാണിത്. പോഷകാഹാരം,ശുചിത്വം വ്യായാമം,ഉറക്കം മാനസികാരോഗ്യം,ആരോഗ്യം മര്യാദകൾ എന്നിവ പോലുള്ള പ്രധാന മേഖലകളിൽ ധാരണവളർത്താൻ ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

തലമുടി മുതൽ കാൽ വരെ പരിചരണം: ദൈനംദിന വ്യക്തിഗത ശുചിത്വ പരിപാലന

രീതികളെക്കുറിച്ചുള്ള പാഠങ്ങൾ:

തലയും മുടിയും: ദിവസവും മുടി കഴുകുക, നന്നായി ഉണക്കുക, ഭംഗിയായി ചീകുക.

കണ്ണുകൾ: കാഴ്ച സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ഇലക്കറികളും മഞ്ഞ

പഴങ്ങളും കഴിക്കുക.

മൂക്ക്, മൂക്കൊലിപ്പ് ഉണ്ടാകുമ്പോൾ മൂക്കിൽ കൈയിടുകയോ ബലമായി ചീറ്റുകയോ ചെയ്യാതിരിക്കുക, വൃത്തിയുള്ള തൂവാല ഉപയോഗിക്കുക.

വായ, നാവ്, പല്ലുകൾ: വായ, നാവ്, പല്ലുകൾ എന്നിവ നന്നായി വൃത്തിയാക്കുക. ആഹാരശേഷവും ലഘുഭക്ഷണശേഷവും മധുരപലഹാരങ്ങൾ കഴിച്ച ശേഷവും പാനീയങ്ങൾ കുടിച്ച ശേഷവും വായ നന്നായി കഴുകുക. ദിവസവും രണ്ടുനേരം പല്ല് തേക്കുക.

ചെവികൾ: കേൾവിക്കുറവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ചെവിയിൽ വസ്തുക്കൾ

കടത്താതിരിക്കുക, ഇയർഫോൺ ഉപയോഗം കുറയ്ക്കുക. കുറഞ്ഞ ശബ്ദത്തിൽ കേൾക്കുക.

കൈകൾ: സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈ കഴുകുക, നഖങ്ങൾ വൃത്തിയായി ചെറുതാക്കി സൂക്ഷിക്കുക, മലവിസർജ്ജന ശേഷം സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ

പാദങ്ങൾ: നഖങ്ങൾ ചെറുതാക്കി വൃത്തിയായി സൂക്ഷിക്കുക, പൊതു സ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും ചെരിപ്പ് ധരിക്കുക, വീടിനകത്ത് പാദരക്ഷകൾ ഒഴിവാക്കുക, വീട്ടിൽ തിരിച്ചെത്തുമ്പോൾ പാദങ്ങൾ കഴുകുക.

ശരീര ശുചിത്വം: ദിവസവും കുളിക്കുക, ശരീരം നന്നായി ഉണക്കുക, വൃത്തിയുള്ളതും വെയിലത്ത് ഉണക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുക, അടിവസ്ത്രങ്ങളുടെ ശുചിത്വത്തിൽ ശ്രദ്ധിക്കുക

പോഷകാഹാരം: വളർച്ചയ്ക്കും ഊർജത്തിനും ഉണർവിനും പ്രതിരോധശേഷിക്കും സൗന്ദര്യത്തിനും പോഷകാഹാരത്തിൻറ പ്രാധാന്യം മനസ്സിലാക്കുക. കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരത്തെക്കുറിച്ച്

ചർച്ച ചെയ്യുക. പ്രഭാതഭക്ഷണം പൂർണ്ണമായി കഴിക്കേണ്ടതിൻറ പ്രാധാന്യം ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിറമുള്ള പഴങ്ങളും പച്ചക്കറികളും കഴിക്കുക. ഭക്ഷണം ശരിയായി സൂക്ഷിക്കുക, ധാരാളം വെള്ളം കടിക്കുക. ആഹാരത്തിന് മുൻപ് കൈകൾ കഴുകുക, ശേഷം വായ കഴുകുക. ഫാസ്റ്റ്ഫുഡ് ഇടയ്ക്കിടെ മാത്രം കഴിക്കുക, ദിവസവും കഴിക്കാതിരിക്കുക. കാർബണേറ്റഡ് പാനിയങ്ങൾ പരിമിതപ്പെടുത്തുക. കുടിവെള്ളത്തിനായി ടാപ്പ വെള്ളം തിളപ്പിക്കാൻ ശുപാർശ ചെയ്യുന്നു. വിളർച്ചയ്ക്കു WIFS പിങ്ക്നീല ഗുളികകളെക്കുറിച്ചുള്ള വിവരങ്ങൾ, ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക. കണ്ണുകളുടെ സംരക്ഷണം: വായനയ്ക്കും പഠനത്തിനും നല്ല വെളിച്ചം നിലനിർത്തുക, മണിയ വെളിച്ചത്തിലോ ചലിക്കുന്ന വാഹനങ്ങളിലോ വായിക്കുന്നത് ഒഴിവാക്കുക. മാബൈലുകളിലും

ടാബ്ലറ്റുകളിലും സ്ക്രീൻ സമയം പരിമിതപ്പെടുത്തുക, തെളിച്ചവും കോൺട്രാസ്റ്റും 50% അല്ലെങ്കിൽ അതിൽ കുറവാക്കുക. നിർഘനേരം വായിക്കുമ്പോൾ ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കണ്ണുകൾ കഴുകുക. സ്ക്രീൻ ഉപയോഗത്തിന് '20-20-20-20 നിയമം" പാലിക്കുക.

ദന്ത സംരക്ഷണം: പുഞ്ചിരിക്കും ദഹനത്തിനും ആരോഗ്യമുള്ള പല്ലുകളുടെ പ്രാധാന്യം ഊന്നിപ്പറയുക. എനെങ്കിലും ഭക്ഷണത്തിനോ പാനീയത്തിനോ ശേഷം വായയും പല്ലുകളും ശരിയായി വൃത്തിയാക്കുക. മധുരപലഹാരങ്ങൾ/ചോക്ലേറ്റുകൾ കടിച്ച് കഴിക്കുന്നത് ഒഴിവാക്കി പതുക്കെ കഴിക്കുക. ദിവസവും രണ്ടുനേരം 2 മിനിറ്റ് നേരം മൃദുലമായ ബ്രഷും ,ഫ്ലൂറൈഡ് അടങ്ങിയ ടൂത്ത്പേസ്റ്റും ഉപയോഗിച്ച് പല്ല് തേക്കുക. പല്ലുകളുടെയും മോണകളുടെയും ആറ് പ്രത്യേക ഭാഗങ്ങൾ വൃത്തിയാക്കുക.

വ്യായാമം/ശാരീരിക പ്രവർത്തനം: ദിവസവും 20-30 മിനിറ്റ് ശാരീരിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. വീട്ടിൽ വ്യായാമത്തിനുള്ള അവസരങ്ങൾ കണ്ടെത്തുക. ഒരു മണിക്കൂറിലധികം ഇരിക്കുകയാണെങ്കിൽ, 2-3 മിനിറ്റ് നേരത്തേക്ക് എഴുന്നേറ്റ് ചെറിയ ചലനങ്ങൾ ചെയ്യുക. കലാരൂപങ്ങൾ, കളികൾ, യോഗ എന്നിവ ശാരീരിക പ്രവർത്തനങ്ങൾക്ക് സഹായിക്കും.

മാനസികാരോഗ്യം ആരോഗ്യകരമായ ശരീരത്തിന് ആരോഗ്യകരമായ  മനസ്സിൻറ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുക. മെച്ചപ്പെട്ട പഠനം, നല്ല ബന്ധങ്ങൾ, ജീവിത നൈപുണ്യങ്ങൾ വികസിപ്പിക്കൽ, മൊത്തത്തിലുള്ള സന്തോഷം എന്നിവയ്ക്ക് ഇത് പ്രധാനമാണ്.

2025 ജൂൺ 10: ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കുമ്പോഴും ഒഴിവു സമയം ചിലവഴിക്കാനുമായി

ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു, മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടും അല്ലാനെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്. ഇത് കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ ഡിജിറ്റൽ അച്ചടക്കത്തിനായി താഴെപറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, റോൾപ്ലേ. കഥാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച് കുട്ടികളുമായും രക്ഷിതാക്കളുമായും സംവദിക്കുമ്പോൾ ചുവടെപറയുന്ന. കാര്യങ്ങൾ ചർച്ചാസൂചകമായി പ്രയോജനപ്പെടുത്താവുന്നതാണ്.

- രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം
- ഭക്ഷണം കഴിക്കം്പോൾ ടെലിവിഷനpകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
- കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.

- കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികാ  മാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്

- സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് തുറക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്,
- ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ. ഫലപ്രദമായ സാമൂഹിക പരമായ പ്രയാസങ്ങൾ.
- ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും ഈ സംഗ്രഹം, നിർദ്ദിഷ്ട തീയതികളിൽ എൽ.പി. തലത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുണ്ട്

# പൊതുമുതൽ സംരക്ഷണം

## 2025 ജൂൺ 11: പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിൻ്റ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും, തങ്ങളുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും പൊതുസ്ഥാപനങ്ങളെ പരിപാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതുമാണ് ഈ വിഷയത്തിലൂടെ ലക്ഷ്യമിടുന്നത്. പൊതുമുതൽ സമൂഹത്തിൻ്റ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ഓരോ പൗരൻ്റയും കടമയാണെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

പ്രധാന പ്രവർത്തനങ്ങൾ:

അവബോധ ക്ലാസ്സുകൾ:

പൊതുമുതൽ എന്താണെന്നും അത് എങ്ങനെ സമൂഹത്തെ സഹായിക്കുന്നുവെന്നും

വിദ്യാർത്ഥികൾക്ക് വിശദീകരിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

പൊതുമുതൽ നശിപ്പിക്കുന്നത് സമൂഹത്തിന് വരുത്തുന്ന നഷ്ടങ്ങളെക്കുറിച്ച് ഉദാഹരണ സഹിതം വിവരിക്കുക

സ്കൂൾ വളപ്പിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ

പ്രോത്സാഹിപ്പിക്കുക

പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിൻറ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരം നൽകുക.

മാതൃകാപരമായ പെരുമാറ്റം:

പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും, പൊതുസ്വത്ത് ഉത്തരവാദിത്തത്തോടെ

കൈകാര്യം ചെയ്യേണ്ടതിനെക്കറിച്ചും വിദ്യാർത്ഥികളെ പഠിപ്പിക്കുക.

പൊതു ടോയ്ലറ്റുകൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ തുടങ്ങിയവ എങ്ങനെ ശരിയായി

ഉപയോഗിക്കണമെന്ന് വിശദീകരിക്കുന്നു.

പൊതുമുതൽ സംരക്ഷണത്തിsâ പ്രാധാന്യം വ്യക്തമാക്കുന്ന പുവർ ചിത്രങ്ങൾ വരയ്ക്കാനും

സന്ദേശങ്ങൾ തയ്യാറാക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.

സ്കൂളിലെയും പൊതു ഇടങ്ങളിലെയും വസ്തുക്കൾ തങ്ങളുടെതാണെന്ന ചിന്ത വളർത്തുക.

# 2025 ജൂൺ 13: രാസഘഹരി, മൊബൈൽ അഡിക്ഷൻ

ആധുനിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന രാസലഹരിയുണ്ടയും മൊബൈൽ അഡിക്ഷsâയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി, അവരിൽ നിന്ന് അവരെ സംരക്ഷിക്കുക ക്രിയാത്മകമായ വിനോദങ്ങളിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പ്രധാന പ്രവർത്തനങ്ങൾ:

- ബോധവൽക്കരണ സെമിനാറുകൾ:
- രാസലഹരി വസ്തുക്കളുടെ ഉപയോഗം ശരീത്തിനും മനസ്സിനും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച്
- വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- മൊബൈൽ ഫോണുകളുടെയും മറ്റ് സ്ക്രീൻ ഉപകരണങ്ങളുടെയും അമിത ഉപയോഗം പഠനത്തെയും
- ആരോഗ്യത്തെയും സാമൂംഹിക ബന്ധങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.
- ലഹരിയുടെയും അമിത മൊബൈൽ ഉപയോഗത്തിsâയും ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക

- വിദ്യാർത്ഥികളെക്കൊണ്ട് പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.
- ആരോഗ്യകരമായ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക:
- പുറത്ത് കളികൾ, വായന, സംഗീതം, ചിത്രരചന, നൃത്തം തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടാൻ
- വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക
- സ്കൂളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി, കുട്ടികളെ അവയിലേക്ക്ആകർഷിക്കുക.
- കൗൺസിലിംഗ് സൗകര്യം:
- അമിതമായി മൊബൈൽ ഉപയോഗിക്കുന്നതോ, ലഹരിക്ക് അടിമപ്പെടാൻ സാധ്യതയുള്ളതോ ആയ കുട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുക.
- മാതാപിതാക്കൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് അവബോധം നൽകുകയും കുട്ടികളെ
- നിരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക,മാതൃകയാവുക:
- അദ്ധ്യാപകനpw രക്ഷിതാക്കളും മൊബൈൽ ഫോണിsâയും ലഹരിയുടെയും കാര്യത്തിൽ മാതൃകയാകേണ്ടതിൻറ പ്രാധാന്യം ഊന്നിപ്പറയുക.
- ക്ലാസ് മുറികളിൽ മോബൈൽ ഫോൺ ഉപയോഗത്തിന് കർശന നിയന്ത്രണങ്ങൾ  ഏർപ്പെടുത്തുക.




# മാസ്റ്റർ പ്ലാൻ

## പ്രവർത്തന വിശദാംശങ്ങൾ

### മലയാളം മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ

പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാഷാവികാസത്തിന് ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ സാധ്യതയൊരുക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ:

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.

## പ്രവർത്തന ഘട്ടങ്ങൾ:

അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു (മെയ് 2025 അവസാനം).

തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ 2025 ആദ്യവാരം),

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു (ജൂൺ 2025).

തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.

രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്തുന്നു (ഓമരാ ടേമിലും).

കpട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

ഭാഷോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ച പ്രകാശനം നടത്തുന്നു (ജനുവരി 2026).

വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

വിലയിരുത്തൽ;

മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്.

രക്ഷിതാവിsâ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.

വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

കഥോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

ഭാഷോത്സവത്തിൻറ ഭാഗമായി കുഞ്ഞെടുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെsâ v ചെയ്ത് സമൂഹവുമായി പങ്കുവച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, PTA, HM സാമ്പത്തികം: PTA, SSK

# സംയുക്ത ഡയറി

രക്ഷിതാവിൻറ അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാക്കുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും.

ലക്ഷ്യ പ്രസ്താവനകൾ:

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.

ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).

ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിൻെറ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ

ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം),

എഴുത്തിൻെറ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

ജൂൺ 2025 മുതൽ ആരംഭിക്കുന്നു.

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.

കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.

സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

എൻെറ ഡയറിക്കുറിപ്പ് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി).

വിലയിരുത്തൽ:

ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.

സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

രചനോത്സവത്തിൻെറ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും

പങ്കുവെച്ചിട്ടുണ്ട്.

മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ സാധ്യത ഒരുക്കിയിട്ടുണ്ട്.

തുടക്കം മുതലേ വീഡിയോ ഡോക്യുമെൻറ് ചെയ്തിട്ടുണ്ട്.

ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ

# പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ:

താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.

ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

പാട്ടരങ്ങിsâ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ

നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).

ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു.

രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).

പാട്ടരങ്ങ് ഏകദിന ശില്പശാല, പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ 2025 രണ്ടാം വാരം).

തുടർ പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്കാരവും), വീഡിയോ ഡോക്യു മെൻറ് തയ്യാറാക്കൽ, പാട്ടരങ്ങിsâ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15, 2025 മുതൽ ഫെബ്രുവരി 2026 വരെ).

ഭാഷോത്സവത്തിsâ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് 2026 രണ്ടാം വാരം).

വിലയിരുത്തൽ:

ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിsâ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

ക്ലാസ് പി.ടി.എ.യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്

പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്സ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെsൻറ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വച്ചിട്ടുണ്ട്.

പാട്ടരങ്ങിsâ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

ഭാഷോത്സവത്തിsâ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.

ചുമതല: ക്ലാസ് TEACHER, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ. പി.ടി.എ

# നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രകൃതി ഒരു നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പു വരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും

ലക്ഷ്യപ്രസ്താവനകൾ

പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു

പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.

മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.

പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.

പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.

പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.

പ്രവർത്തന ഘട്ടങ്ങൾ

നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.

പ്രകൃതി നടത്തം. ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.

പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.

പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.

പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)

കണ്ടെത്തലുകളുടെ അവതരണം.കൂട്ടെഴുത്ത് നടക്കുന്നു. എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.പതിപ്പ് തയ്യാറാക്കൽ.പാഠഭാഗത്തിന് അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.

പ്രവർത്തനംഅവലോകനം.

വിലയിരുത്തൽ

(ജൂലൈഅവസാനം)

പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ

മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)

വിലയിരുത്തൽ

ക്ലാസ്സുമുറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ അധ്യാപകർക്ക് ധാരണ ഉറപ്പാക്കുന്നു.

പ്രക്രിയ ശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.

മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.

കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു

കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.

ക്ലാസ് ടീച്ചർ, PTA, HIM  സാമ്പത്തികം: SSK

# റീഡേഴ്സ് തിയേറ്റർ.

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള

പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാ മികവ് ഉണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

ലക്ഷ്യ പ്രസ്താവനകൾ:

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്ഷ് തിയേറ്ററിsâ ഭാഗമായി

അവതരിപ്പിക്കുന്നു.

ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ),

ക്ലാസ്. പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും (2025 ജൂൺ മൂന്നാം വാരം),

ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം).

എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ - 2026 മാർച്ച്).

മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 2026 )

ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം).

## ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠന തന്ത്രമാണ് ക്ലാസ്പത്രം. ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിsâ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു പത്രത്തിsâ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.

ലക്ഷ്യപ്രസ്താവനകൾ:

ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരി പ്പിക്കുന്നു.

രചനാ ശേഷി പരിപോഷിപ്പിക്കുന്നു.

വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു

സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ എഴുതാൻ കഴിവു നേടുന്നു.

കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.

പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.

ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ :

ക്ലാസ്പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )

ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു. ജൂലൈ അവസാനം)

കുട്ടികൾ രക്ഷിതാവിൻറ സഹായത്തോടെ അനുഭവങ്ങൾ വാർത്താ രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ ചിത്രങ്ങൾ ഉൾപ്പെടു ത്തുന്നു.

അധ്യാപികയുടെനേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.

ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)

അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.

ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു

രചനോത്സവത്തിൽ പ്രദർശനം, അവതരണം

വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.

ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )

സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)

## വിലയിരുത്തൽ :

വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.

കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.

വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്

ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെsâv ചെയ്ത് രക്ഷിതാക്കളുമായി പങ്കുവച്ചിട്ടുണ്ട്.

തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായനകാർഡു കളാക്കി മാറ്റിയിട്ടുണ്ട്.

സാമ്പത്തികം:

ക്ലാസ് ടീച്ചർ, HM, PTA SSK, PTA

## ഭാഷോത്സവം

രണ്ടാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

ലക്ഷ്യ പ്രസ്താവനകൾ:

ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു

കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു

ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു

ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.

ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു

പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.

പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.

ഭാഷോത്സവത്തിൻറ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.

പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു

ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു

സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.

SRG യിൽ അവലോകനം ചെയ്യുന്നു

വിലയിരുത്തൽ :

ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്

മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്

കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്

ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്

കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെൻറ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.

ചുമതല:,SRG, PTA, HM

സാമ്പത്തികം : SSK, PTA

# രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്. സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

ലക്ഷ്യ പ്രസ്താവന

എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു

പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുന്നു. വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ

കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടി പ്പിക്കുന്നു

പ്രവർത്തന ഘട്ടങ്ങൾ

രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2-mw വാരം)

സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3-mw വാരം)

പ്രതിമാസ രചനോത്സവം (ജൂലൈ -ഫെബ്രുവരി )

. രചനോത്സവത്തിൻറ ഭാഗമായുള്ള സെപ്തംബർ ഡിസംബർ,മാർച്ച് 2025) രചനകൾ പ്രസിദ്ധീകരിക്കൽ (2024

കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)

## വിലയിരുത്തൽ

രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു

. പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിsâ സേവനം ലഭ്യമാക്കുന്നു.

എല്ലാ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.

കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു

രക്ഷാകർത്യ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

ചുമതല :ക്ലാസ് ടീച്ചർ,പി.ടി.എ സാമ്പത്തികം;പി.ടി.എ.എസ്. എസ്. കെ

# അരങ്ങത്തേക്ക്

അഭിനയം, പ്രാഥമിക തലത്തിലുള്ള കുട്ടികളിൽ ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വളർത്തുന്ന ഒരു പ്രധാന മാർഗ്ഗമാണ്. കുട്ടികളിലെ സർഗ്ഗശേഷിയും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കുന്നു. പഠനം ആസ്വാദ്യകരമാക്കുന്നതിനും, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതിനും ഇത്തരം അരങ്ങനുഭവങ്ങൾ വളരെ സഹായകമാണ്.

പ്രവർത്തന ലക്ഷ്യങ്ങൾ:

കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുക.

കഥ, കവിത, ബാലഗീതങ്ങൾ എന്നിവയിലൂടെ ആശയങ്ങൾ ആസ്വാദ്യകരമായി മാറ്റുക.

പൂർണ്ണമായും കുട്ടികൾ പങ്കെടുക്കുന്ന പങ്കാളിത്തം ഉറപ്പാക്കുക.

താൽപ്പര്യത്തോടെ പഠനത്തെ ഏറ്റെടുക്കാൻ അവസരം ഒരുക്കുക.

ശാരീരിക ചാലകവികാസം പ്രോത്സാഹിപ്പിക്കുക.

ആശയവിനിമയശേഷി വളർത്തുക.

പ്രവർത്തന ഘട്ടങ്ങൾ:

തിരഞ്ഞെടുക്കൽ: യൂണിറ്റിലെ കഥ, കവിത, സംഭാഷണങ്ങൾ എന്നിവയിൽനിന്ന് അനുയോജ്യമായ ഭാഗങ്ങൾ തിരഞ്ഞെടുക്കുക.

വിശകലനം: കഥയിലെ കഥാപാത്രങ്ങളെ കുട്ടികളുമായി ചർച്ച ചെയ്ത് ഉൾക്കൊള്ളിക്കുക.

പരിശീലനം: വാചകങ്ങൾ, അഭിനയ ശൈലി, ശാരീരിക ചലനങ്ങൾ എന്നിവയുടെ പരിശീലനം

സജ്ജീകരണം: ചെറിയ അരങ്ങുകൾ ഒരുക്കി കുട്ടികളുടെ പ്രകടനത്തിന് തയ്യാറാക്കുക.

അഭിനയം: ഓരോ വിദ്യാർത്ഥിയും ഒരു കഥാപാത്രമാകുന്നത് പോലെ അഭിനയിപ്പിക്കുക. വിചാരണ (പ്രതിഫലനം): അഭിനയം കഴിഞ്ഞ് പ്രതിഫലനം നടത്തുക - എന്താണ് പഠിച്ചത്?

ആരെന്താണ് അഭിനയിച്ചത്?

വിലയിരുത്തൽ:

പങ്കാളിത്തം: മുഴുവൻ കുട്ടികളും പങ്കെടുത്തോ?

അഭിനയമികവ്: ഉച്ചാരണശുദ്ധി, വ്യാഖ്യാനം

പ്രകടന താൽപ്പര്യം: കുട്ടികൾ എത്രത്തോളം ആസ്വദിച്ചു?

യൂണിറ്റിലെ ആശയങ്ങൾ കുട്ടികൾക്ക് മനസ്സിലായിട്ടുണ്ടോ എന്ന് പരിശോധിക്കുക.

വ്യക്തിഗതമായി കുട്ടികളെ പരിഗണിച്ചുള്ള വിശകലനം (AMP)

പ്രവർത്തനം പാഠഭാഗവുമായി ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

ക്രോഡീകരണം:

പഠനം ആസ്വാദ്യകരമാക്കുന്നു.

ഭിന്നനിലവാരക്കാരെ പരിഗണിക്കാൻ കഴിയും.

യൂണിറ്റിലെ ആശയങ്ങളും കവിതകളും ഉറപ്പിക്കുന്നതിന് കഴിയുന്നു.

സഭാകമ്പമില്ലാതെ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് കഴിയുന്നു.

എല്ലാവരെയും പരിഗണിക്കാൻ കഴിയുന്നു.

കുട്ടിയെ അറിയാൻ കഴിയുന്നു (വ്യക്തിഗത AMP),

# പരീക്ഷണോത്സവം

നേരിട്ടുള്ള അനുഭവങ്ങളിലൂടെ അറിവ് നിർമ്മിച്ചെടുക്കുകയാണ് ശാസ്ത്ര പഠനത്തിൻറമുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് പരീക്ഷണങ്ങൾ. 'പരീക്ഷണോത്സവം' എന്ന ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് പരിസരത്തെക്കുറിച്ചുള്ള അറിവ്, ശാസ്ത്ര ആശയങ്ങൾ, പ്രക്രിയാശേഷികൾ എന്നിവ ലളിതമായ രീതിയിൽ മനസ്സിലാക്കാനും, ക്ലാസ് മുറി കൂടുതൽ ജീവസ്സുറ്റതാക്കാനും കഴിയും. ഈ പ്രവൃത്തിയിലൂടെ കുട്ടികളിൽ നിരീക്ഷണ കഴിവും അന്വേഷണശേഷിയും വർദ്ധിപ്പിക്കുന്ന, ഉത്സാഹവും കൗതുകവും ഉണർത്തുന്ന പഠനാനുഭവമാണ് ലക്ഷ്യമിടുന്നത്.

പ്രവർത്തന ലക്ഷ്യങ്ങൾ:

പ്രക്രിയാഭാവമുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുക.

നിരീക്ഷണം, അന്വേഷണം. പരീക്ഷണം തുടങ്ങിയ ശാസ്ത്രപ്രക്രിയകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.

സ്വയം പഠനത്തിനും അറിവ് നിർമ്മാണത്തിനും അവസരം ഒരുക്കുക.

പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ അറിവ് ആഴത്തിൽ ആസ്വദിക്കാൻ കഴിയുന്ന ആവിഷ്കാരങ്ങൾ നൽകുക.

ശാസ്ത്ര കൗതുകം, താൽപ്പര്യം, സംശയപരിശോധന എന്നീ പഠന ചിന്തകൾ വളർത്തുക.

മുഴുവൻ കുട്ടികളിലും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ പ്രക്രിയാശേഷികൾ വർദ്ധിപ്പിക്കുക.

പ്രവർത്തന ഘട്ടങ്ങൾ:

പ്രാരംഭ ചർച്ച: പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ വിശദീകരിക്കുകയും, എന്തൊക്കെ പരീക്ഷണങ്ങൾ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്യുകയും ചെയ്യുക.

പരീക്ഷണങ്ങൾ തിരഞ്ഞെടുക്കൽ: പഠനവിഷയത്തിന് അനുസൃതമായി ലളിതമായ പരീക്ഷണങ്ങൾ തിരഞ്ഞെടുക്കുക. (ഉദാ: ജലചംക്രമണം, മണ്ണിsâ സ്വഭാവം, ലയിക്കുന്ന പദാർത്ഥങ്ങൾ തുടങ്ങിയവ).

വിഭാഗങ്ങളാക്കി ഒരുക്കൽ: കുട്ടികളെ ചെറിയ ഗ്രൂപ്പുകളാക്കി ഓരോ സംഘത്തിനും പരീക്ഷണ ഉത്തരവാദിത്തം നൽകുക.

സാധനങ്ങൾ ഒരുക്കൽ: സ്കൂളിലെ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് പരീക്ഷണത്തിന്

പരീക്ഷണ പ്രദർശനം: ഓരോ സംഘവും പരീക്ഷണം കാഴ്ചവക്കുകയും ഫലങ്ങൾവിശദീകരിക്കുകയും ചെയ്യുക.

പോസ്റ്റർ/ചിത്രാവിഷ്കാരങ്ങൾ: പരീക്ഷണങ്ങൾക്കൊപ്പം അവയെ വിശദീകരിക്കുന്നപോസ്റ്ററുകൾ തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.

പ്രതിഫലനം: ഓരോ സംഘവും ചെയ്ത പ്രവൃത്തിയെക്കുറിച്ച് ചർച്ച ചെയ്യുക - എന്താണ് പഠിച്ചത്? എന്താണ് പുതുതായി അറിഞ്ഞത്?

വിലയിരുത്തൽ:

പരീക്ഷണത്തിൽ കുട്ടികളുടെ പങ്കാളിത്തം.

നിരീക്ഷണശേഷിയും സംശയപരിശോധനാക്ഷമതയും.

അറിവ് നിർമ്മാണം എന്ന ലക്ഷ്യത്തിലേക്കുള്ള സാന്നിധ്യം.

ഭിന്നശേഷിക്കാരായ കുട്ടികളെ എങ്ങനെ ഉൾപ്പെടുത്തി.

സഹപാഠികളുമായി സഹകരിച്ച് പഠിക്കാൻ കുട്ടികൾക്ക് എങ്ങനെ കഴിഞ്ഞു.

പ്രതിഫലന ചർച്ചകളിൽ കുട്ടികൾ പങ്കെടുത്തിട്ടുണ്ടോ.

പ്രവർത്തനത്തിsâ അകലം പാഠഭാഗവുമായി ബന്ധമുണ്ടോ എന്ന് പരിശോധിക്കുക.

# സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും. തുടർന്നുള്ള അധ്യയനാതിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

പ്രവർത്തന ലക്ഷ്യങ്ങൾ:

കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.

ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും

അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.

തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.

പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി

വിലയിരുത്തുക.

പ്രവർത്തന ഘട്ടങ്ങൾ:

രേഖയുടെ രൂപരേഖ തയ്യാറാക്കൽ:

പ്രധാന മേഖലകൾ:

വൈജ്ഞാനികം (Academic)

വൈകാരികം (Emotional)

സാമൂഹികം (Social)

ശാരീരികം (Physical)

മാനസികം (Mental)

ആചരണപൂർണ്ണത / മൂല്യബോധം

ആശയവിനിമയക്ഷമത

സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം

വിലയിരുത്തലിsâ ഘടകങ്ങൾ നിർണ്ണയിക്കൽ:

ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.

അധ്യാപക കമൻറുകൾ / PTA വിലയിരുത്തൽ.

ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.

കാലക്രമനുസൃതമായി രേഖപ്പെടുത്തൽ:

മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.

കpട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.

പുതിയ ക്ലാസിലേക്ക് കൈമാറ്റം:

ഓരോ വർഷവും വിശദമായ സമഗ്ര പുരോഗതി രേഖ ടീച്ചർ കൈമാറും.

പുതിയ ക്ലാസ് ടീച്ചർ അതിൻറ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കും.

വിലയിരുത്തൽ:

നിരീക്ഷണങ്ങളുടെ താളീകരണം (Consistency).

പുതിയ അധ്യാപകൻ/അധ്യാപികക്ക് ഉപകാരപ്പെടുന്നവിധം ഉള്ള വിവരങ്ങളുടെ ഗുണമേന്മ

വ്യക്തിഗത പഠനപദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയുന്ന വിധം ഡാറ്റാ ശേഖരണം.

പെരുമാറ്റ ശൈലി, പഠനശൈലി, ഇഷ്ടപാഠങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തൽ.

മാതാപിതാക്കളുടെയും കുട്ടിയുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്ന സംവിധാനം

# അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

പ്രവർത്തന ലക്ഷ്യങ്ങൾ:

വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.

അധ്യാപകരുടെ ആസൂത്രണത്തിൻറയും ക്ലാസ് റൂം ഇടപെടലിൻറയും ഗുണനിലവാരം വിലയിരുത്തുക.

കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.

ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.

വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

പ്രവർത്തന ഘട്ടങ്ങൾ:

തിയതി നിശ്ചയിച്ച സന്ദർശനം:

ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. HELP 2025 ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.

മോണിറ്ററിംഗ് ഉപാധികൾ:

UNIT WISE MONITORING FORMAT: ഒന്നാം ഭാഗം പഠന ഫലങ്ങൾ പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിൻറുകൾ എന്നിവ.

PORTFOLIO EVIDENCE: കട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.

NOTEBOOK ENTRY CHECKLIST: ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട്

വിലയിരുത്തൽ.

OBSERVATION TOOL: കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

ഉദ്യോഗസ്ഥരുടെ ചുമതലകൾ:

SCERT DIET ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിൻറ ശാസ്ത്രീയത ഉറപ്പാക്കുക.

DIET PRINCIPAL: ജില്ലാതല മാർഗ്ഗനിർദ്ദേശം.

DDE, DEO, AEO: സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.

DPC, BPC: പദ്ധതി നടപ്പാക്കലിൻ്റെ കൃത്യതയും ഉപരിതല സഹായങ്ങളും.

വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെtâഷൻ, ഡിജിറ്റൽ രേഖകൾ.

പ്രതിവാര അവലോകനം:

സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം

എന്നിവയുടെ റിപ്പോർട്ട്.

ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

വിലയിരുത്തൽ:

HELP 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.

കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.

അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ

പരിശോധിക്കുക.

റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം

സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.

അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ (Formative Assessment) എന്നത് പാഠപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നൊട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ.

പ്രവർത്തന ലക്ഷ്യങ്ങൾ:

കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ

ആധികാരിക വിലയിരുത്തൽ നടത്തുക.

തത്സമയത്തിൽ കട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.

വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.

അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.

പോർട്ട്ഫോളിയോ വിലയിരുത്തലിsâ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

പ്രവർത്തന ഘട്ടങ്ങൾ:

# പഠനപ്രക്രിയ വിലയിരുത്തൽ;

പ്രവർത്തന പങ്കാളിത്തം:

പ്രവർത്തനം ഏറ്റെടുത്തു?

ഗ്രൂപ്പിൽ പ്രവർത്തിച്ചു?

ആശയങ്ങൾ പങ്കുവെച്ചു?

ആശയധാരണ:

ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?

അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?

പ്രക്രിയാശേഷി വിലയിരുത്തൽ;

മുൻധാരണകൾ എന്തെല്ലാമായിരുന്നു?

പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?

പ്രകടനം / അവതരണം:

ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?

താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?

രേഖപ്പെടുത്തൽ:

പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?

അതിനുള്ള ആകൃതിയും അതിൻറഅടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള  അവതരണമാണ്?

ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

വിലയിരുത്തൽ മാർഗ്ഗങ്ങൾ:

(Observation):

അധ്യാപകൻറ  ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.

ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.

- HELP 2025 ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.
- KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:
- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.
- HELP 2025 ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിsâ ഉത്തരവാദിത്തമാണ്.

•

# വാർഷിക ആസൂത്രണം

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| ജൂൺ | അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം<br>സന്നദ്ധത പ്രവർത്തനങ്ങൾ<br>പ്രവേശനോത്സവ ദിനം<br>ക്ലാസ് പിടിഎ തീയതികൾ (2/06/25)<br><br>നിർവഹണ ഉദ്ഘാടനം (തീയതി)<br>പഠനോപകരണം നിർമ്മാണ<br>ശില്പശാല (തീയതി)<br><br>ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരണം<br>(തീയതി)<br>ഡോക്യുമെtâഷൻ തുടക്കം | സന്നദ്ധത പ്രവർത്തനങ്ങൾ<br>മഴയോ മഴ<br><br>അടുക്കളയിലെ രൂപങ്ങൾ<br><br>An Umbrella For All | 20 |
| ജൂലൈ | ജല പരീക്ഷണങ്ങൾ<br><br>ജല സംരക്ഷണ പ്രവർത്തനങ്ങൾ<br><br>കടംകഥ, സംഭാഷണം, പോസ്റ്റർ<br><br>ക്ലാസ് പിടിഎ യോഗം<br>വിലയിരുത്തൽ | നന്നായ് ഉണ്ണാൻ<br><br>ഒളിച്ചേ, കണ്ടേ<br>An Umbrella For All | 20 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ആഗസ്റ്റ് | കാർഷിക ഉപകരണങ്ങൾ പ്രദർശനം<br>ആഹാര രീതികൾ<br>രചനോത്സവം<br>പാഠങ്ങളിൽ നിന്നും ബാലസാഹിത്യകൃതികളിലേക്ക്<br>ക്ലാസ് പി.ടി.എയിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ<br>വായനോത്സവം | എന്താണമ്മേ സ്വാതന്ത്ര്യം<br>നല്ല നാടിനായ് നല്ല നാളേക്കായ്<br>A Piece Of Cake | 20 |

| | | | |
|---|---|---|---|
| **സെപ്റ്റംബർ** | കഥകൾ,സംഭാഷണങ്ങൾ<br>അവതരണം<br>ഡയറി എഴുത്ത്<br>പ്രായോഗിക പ്രശ്നങ്ങൾ<br>പട്ടിക വിശകലനം<br>ഒന്നിtâയുംപത്തിtâയുംകൂട്ടങ്ങളാക്കൽ<br>Mask making, Role Plays | പൂരം, പൊടിപൂരം<br>സമ്മാനപ്പൊതി<br>A Piece Of Cake<br>. | 20 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| ഒക്ടോബർ | കഥകൾ,സംഭാഷണങ്ങൾ<br>ചിഹ്നങ്ങൾ ചേർക്കൽ<br>കുട്ടിക്കവിതകൾ<br>100 sâ കൂട്ടങ്ങളാക്കൽ,<br>സംഖ്യകൾ താരതമ്യം | രുചിമേളം<br>ഒന്നായ് ചേരാം നന്നായ് വളരാം<br>**The Village Of Birds** | 20 |
| **നവംബർ** | മുഖമൂടി നിർമാണം<br>സംഭാഷണം രൂപപ്പെടുത്തൽ<br>ദൃശ്യാവിഷ്കാരം<br>Conversation<br>Role plays<br>പ്രായോഗിക പ്രശ്നങ്ങൾ<br>താരതമ്യം ചെയ്യൽ<br>പട്ടികപ്പെടുത്തൽ | | 20 |

# ഒന്നാം ടേം ക്ലാസ് പി.ടി.എ അജണ്ട

| മാസം | അക്കാദമിക ഉള്ളടക്കം | മുന്നൊരുക്കം |
|---|---|---|
| ജൂൺ | പഠനോപകരണ നിർമ്മാണ ശില്പശാല<br>പഠന പിന്തുണ എങ്ങനെ നൽകാം<br>കുട്ടികളെ ഉൾപ്പെടുത്തിയുള്ള ക്ലാസുകൾ (പ്രക്രിയ ബോധ്യപ്പെടുത്തൽ )<br>ഈ മാസം കുട്ടികൾ നേടേണ്ട ശേഷികൾ<br>രക്ഷിതാക്കളിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായരീതി | എസ് ആർ ജി യോഗം<br>ചുമതലാ വിഭജനം<br>എസ്.എം.സി / പി.ടി.എ യോഗം<br>നിർമാണ ശില്പശാലക്കാവശ്യമായ സാധന സാമഗ്രികൾ ഒരുക്കൽ |
| ജൂലൈ | അക്കാദമികം<br>ഡയറിയെഴുത്ത്<br>പ്രവർത്തന<br>ബുക്ക് വിശകലനം<br>കുട്ടികളുടെ വായനയും എഴുത്തും പുരോഗതി പിന്തുണ | എസ് ആർ ജി<br>സി പി ടി എ<br>ഓൺലൈൻ സി പി ടി എ |

| മാസം | അക്കാദമിക ഉള്ളടക്കം | മുന്നൊരുക്കം |
|---|---|---|
| ആഗസ്റ്റ് | വായനോത്സവം<br>രചനോത്സവം<br>തത്സമയ വിലയിരുത്തൽ | വായനമൂല ഒരുക്കൽ<br>ക്ലാസ്സ് ലൈബ്രറി ശാക്തീകരണം |

# ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ

നമ്മുടെ കുട്ടികൾക്ക് ആരോഗ്യവും സന്തോഷവുമുള്ള ഒരു ജീവിതം ഉണ്ടാകാൻ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. കുളിച്ചും ചിരിച്ചും പാട്ടുപാടിയും പഠിച്ചുമൊക്കെയാണ് കുട്ടികൾ വളരേണ്ടത്, എന്നാൽ, ചില കൂട്ടുകാർക്ക് അറിയാതെ ചില ദോഷമുള്ള ശീലങ്ങൾ ഉണ്ടാകാറുണ്ട്. ഇതിനെക്കുറിച്ചാണ് നമ്മൾ ഇപ്പോൾ സംസാരിക്കുന്നത്.

1. രാസ ലഹരി (Bad Substances)

ചില മരുന്നുകളും മറ്റു സാധനങ്ങളും നമ്മുടെ ശരീരത്തിന് വളരെ ദോഷം ചെയ്യുന്നവയാണ്. ഡോക്ടർമാർ പറയുന്ന മരുന്ന് മാത്രമേ നമ്മൾ കഴിക്കാവൂ. അല്ലാത്ത മരുന്നുകളോ, അപരിചിതമായ മണമുള്ള പുകയോ, വായിലിടുന്നതോ ആയ ഒരു സാധനവും നമ്മൾ ഉപയോഗിക്കാൻ പാടില്ല.

കുട്ടികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

അപരിചിതരിൽ നിന്ന് ഒന്നും വാങ്ങിക്കഴിക്കരുത്. നിങ്ങൾക്ക് അറിയാത്ത ആളുകൾ എന്തെങ്കിലും പലഹാരമോ മിഠായിയോ മരുന്നോ തന്നാൽ അത് വാങ്ങിക്കഴിക്കരുത്. അത് ദോഷമുള്ളതായിരിക്കാം.

അപരിചിതമായ മണം: എവിടെയെങ്കിലും ഒരുതരം പുകയോ, മണം വരുമ്പോൾ അവിടുന്ന് മാറി നിൽക്കണം. അത്

നിങ്ങളുടെ ശരീരത്തിന് നല്ലതല്ല.

അമ്മയോടും അച്ഛനോടും പറയുക: ആരെങ്കിലും നിങ്ങൾക്ക് ദോഷമുള്ള എന്തെങ്കിലും തരാൻ ശ്രമിക്കുകയോ, ദോഷമുള്ള കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുകയോ ചെയ്താൽ പേടിക്കാതെ ഉടൻതന്നെ നിങ്ങളുടെ അമ്മയോടോ അച്ഛനോടോ ടീച്ചറോടോ പറയണം. അവർ നിങ്ങളെ സഹായിക്കും.

ആരോഗ്യം: ഈ ദോഷമുള്ള സാധനങ്ങൾ കഴിച്ചാൽ വയറുവേദനയും ഛർദ്ദിയും തലകറക്കവും ഒക്കെ ഉണ്ടാവാം. ചിലപ്പോൾ സ്കൂളിൽ പോകാൻ പറ്റാതെ വരും, കളിക്കാൻ പറ്റാതെ വരും. നമ്മുടെ നല്ല ആരോഗ്യത്തെ ഇത് നശിപ്പിക്കും.

* പോലീസ് മാമൻ: ദോഷമുള്ള ഈ സാധനങ്ങൾ വിൽക്കുന്നതും ഉപയോഗിക്കുന്നതും തെറ്റാണ്. പോലീസ് അങ്കിൾ

അങ്ങനെയുള്ളവരെ പിടികൂടും.

2. മാബൈൽ അഡിക്ഷൻ (Mobile Addiction)

മൊബൈൽ ഫോണുകൾ പഠിക്കാനും നല്ല കാര്യങ്ങൾ കാണാനും ഉപയോഗിക്കാം. എന്നാൽ, ഒരുപാട് സമയം മൊബൈൽ ഫോൺ നോക്കിയിരുന്നാൽ അത് നമ്മുടെ കണ്ണിനും തലച്ചോറിനും ദോഷമാണ്. ഒരുപാട് നേരം മൊബൈൽ കളിച്ചാൽ അത് ഒരുതരം ലഹരി പോലെയായി മാറും. ഇതിനെയാണ് 'മൊബൈൽ അഡിക്ഷൻ' എന്ന് പറയുന്നത്.

കുട്ടികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

* സമയബന്ധിതമായി ഉപയോഗിക്കുക: മൊബൈൽ ഫോൺ ഉപയോഗിക്കാൻ അച്ഛനും അമ്മയും പറയുന്ന സമയം മാത്രം ഉപയോഗിക്കുക. കൂടുതൽ സമയം ഉപയോഗിക്കരുത്.

കളിക്കാനും വായിക്കാനും സമയം കണ്ടെത്തുക: മൊബൈൽ ഫോണിൽ കളിക്കുന്നതിനേക്കാൾ രസമുള്ള ഒരുപാട് കളികൾ നമുക്ക് പുറത്ത് കളിക്കാനുണ്ട്. കൂട്ടുകാരുമായി കളിക്കണം, പുസ്തകങ്ങൾ വായിക്കണം, കഥകൾ പറയണം,

പാട്ടുപാടണം.

കണ്ണിനും തലക്കും വിശ്രമം: ഒരുപാട് നേരം മൊബൈലിൽ നോക്കിയിരുന്നാൽ കണ്ണിന് വേദന വരും, തലവേദന

വരും. ചിലപ്പോൾ ഉറക്കം ശരിയാവില്ല.

നല്ല കാര്യങ്ങൾ മാത്രം കാണുക: മൊബൈലിൽ കാണുന്നതെല്ലാം ശരിയായിരിക്കില്ല. അച്ഛനും അമ്മയും

പറഞ്ഞുതരുന്ന നല്ല കാര്യങ്ങൾ മാത്രം മൊബൈലിൽ കാണുക.

എല്ലാം പങ്കുവെക്കുക: നിങ്ങൾക്ക് മൊബൈൽ ഫോൺ ഉപയോഗിക്കുമ്പോൾ എന്തെങ്കിലും വിഷമം തോന്നിയാൽ, അല്ലെങ്കിൽ എപ്പോഴും മൊബൈലിൽ കളിക്കാൻ തോന്നുമ്പോൾ, അത് നിങ്ങളുടെ മാതാപിതാക്കളോട് തുറന്നുപറയണം.

അവർ നിങ്ങളെ സഹായിക്കാൻ കൂടെയുണ്ടാകും. മാതാപിതാക്കൾക്കും അധ്യാപകർക്കും:

* ഈ വിഷയങ്ങൾ കുട്ടികളുമായി തുറന്നു സംസാരിക്കുക.

മോശം കാര്യങ്ങൾ തിരിച്ചറിയാനും 'നോ' പറയാനും കുട്ടികളെ പഠിപ്പിക്കുക.

സ്നേഹത്തോടെയുള്ള ഇടപെടലുകളിലൂടെയും മാതൃകകളിലൂടെയും നല്ല ശീലങ്ങൾ വളർത്തുക.

ആവശ്യമെങ്കിൽ വിദഗ്ദ്ധരുടെ സഹായം തേടാൻ മടിക്കരുത്.

നമ്മുടെ കുട്ടികൾക്ക് നല്ല ഭാവിയുണ്ടാകാൻ ഈ കാര്യങ്ങൾ ശ്രദ്ധിക്കുന്നത് വളരെ പ്രധാനമാണ്.


Thank You

# Academic Master Plan 2025-26

# Class 1 English

| Aim | Activities | Duration | Incharge | Finance |
|---|---|---|---|---|
| To speak read and write English | Word Read about poem recitation comprehension | June – March | Class teacher | PTA |
| To write English without any Mistake | Simple sentences Read familiar words Enjoy songs and sings them with Rhythm and Action Add More line | June – March | Class Teacher | PTA |
| Simple English sentence | Poster Making say no drugs hygiene storytelling, picture description | Once a Month | Class Teacher | PTA |
| creative writing | Read and write simple sentences Text book activities | Once a Month | Class Teacher | PTA |
| To improve reading skills | English corner Reading books Prepare reading cards | Once a Month | Class Teacher | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## പരിസരപഠനം Std IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | **പ്രകൃതിനടത്തം** | | | |
| നിരീക്ഷണം<br>അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| | **ഭൂപടമൊരുക്കാം** | | | |
| കേരളം, ഇന്ത്യ<br>ഭൂപടവായന<br>സൂചിക പരിചയപ്പെടൽ | ഭൂപടവായന<br>ഭൂപടരചന<br>സൂചികാനിർമ്മാണം<br>ICT ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| **ശാസ്ത്രവിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ടവാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസ രണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | Skit, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ലഹരിവിരുദ്ധപവർത്തനങ്ങൾ** | | | | |

| | | | | |
|---|---|---|---|---|
| ലഹരിയുടെ ദൂഷ്യഫലങ്ങൾതിരിച്ചറിയുക | ബോധവത്കരണക്ലാസുകൾ<br>പോസ്റ്റർനിർമ്മാണം | അഞ്ചുമാസത്തിലൊരിക്കൽ | SRG<br>ക്ലാസ് ടീച്ചർ | PTA |
| | **ശുചിത്വബോധനം** | | | |
| ശുചിത്വശീലംവളർത്തുക | ക്ലാസ്മുറിയുംപരിസരവുംവൃത്തിയാക്കുന്നു<br>ബോധവത്കരണക്ലാസുകൾ<br>പോസ്റ്റർനിർമ്മാണം | മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

## മലയാളം , ക്ലാസ് 3

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
|---|---|---|---|---|
| താളം പിടിച്ച് ഈണത്തിൽ കവിത ചൊല്ലുന്നു. ആസ്വദിക്കുന്നു | ജൂൺ | • കവിതാലാപനം<br>• വ്യത്യസ്ത ഈണത്തിലുള്ള വായ്ത്താരികളുടെ അവതരണം, ശേഖരണം | കവിതകൾ | ടീച്ചർ |
| വായ്ത്താരികൾ ആസ്വദിക്കുന്നു അവതരിപ്പിക്കുന്നു | | • ശേഖരിച്ച വായത്താരികളുടെയും നാടൻ പാട്ടുകളുടെയും പതിപ്പ് തയ്യാറാക്കുന്നു<br>• വായ്ത്താരികൾ സ്വന്തമായി നിർമ്മിക്കുന്നു അവതരണം ബാലസഭയിൽ | നാടൻ പാട്ടുകൾ<br>വായ്ത്താരി ശേഖരണം | രക്ഷിതാക്കൾ |
| പഴഞ്ചൊല്ല് ശേഖരണം, ആശയം മനസ്സിലാക്കൽ | ജൂലൈ | • മുതിർന്നവരിൽ നിന്നും കൂട്ടുകാരിൽ നിന്നും പഴഞ്ചൊല്ലുകൾ ശേഖരിക്കുന്നു<br>• ആശയം ചർച്ചചെയ്ത് എഴുതുന്നു | | വീട്ടിലെ മുതിർന്ന വ്യക്തികൾ |
| പഴഞ്ചൊല്ല് പതിപ്പ് നിർമ്മാണം | | • ക്ലാസിലെ എല്ലാവരുടെയും സഹകരണത്തോടെ പഴഞ്ചൊല്ല് പതിപ്പ് നിർമ്മാണം | | |

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
|---|---|---|---|---|
| കഥ ആസ്വദിക്കുന്നതിന്<br><br>കുറിപ്പ് തയ്യാറാക്കുന്നതിന്<br><br>കഥ പറയൽ പാവനാടകം<br>ഇവയിൽ<br>ഏർപ്പെടുത്തുന്നതിന്<br><br>ഭാഷ പ്രയോഗങ്ങൾ<br>കെ    ത്തുന്നതിനും<br>സ്വന്തമായി<br>ഉപയോഗിക്കുന്നതിനും<br>ശേഷി നേടുക | ഓഗസ്റ്റ്<br><br><br><br><br><br><br><br><br><br><br><br><br>സെപ്റ്റംബർ | • കഥ കഥ കസ്തൂരി  പാഠാവതരണത്തിലൂടെ കഥ പറയുന്നതിനും കഥ കേൾക്കുന്നതിനും അവസരം നൽകുന്നു<br>• പരിചിതമായ കഥാവായന അവസരം<br>• കഥ അവതരണം<br>• കഥാപാത്രങ്ങളെ കെ    ത്തൽ<br>• സംഭാഷണ രചന<br>• നാടൻ കലകൾ പരിചയപ്പെടൽ<br>• കടംകഥകൾ ശേഖരിക്കുന്നു<br>• കടങ്കഥ  പയറ്റ് നടത്തുന്നു<br>• ചിത്രങ്ങളിലൂടെ ആശയം പ്രകടമാക്കുന്നു<br>• പലഹാരങ്ങളുടെ പേരുകൾ എഴുതുന്നു<br>• പാചകക്കുറിപ്പ് തയ്യാറാക്കുന്നു<br>• ഡയറി തയ്യാറാക്കുന്നു<br>• പലഹാരച്ചൊല്ലുകൾ, പാട്ടുകൾ എഴുതുന്നു<br>• പോസ്റ്റർ നിർമ്മാണം | വിവിധ<br>ബുക്കുകൾ<br><br>വീഡിയോകൾ<br><br>ഐസിടി<br><br>ചിത്രങ്ങൾ | ടീച്ചർ<br><br>ടീച്ചർ<br>രക്ഷിതാക്കൾ<br><br>മുതിർന്ന ആളുകൾ<br><br>കുട്ടികൾ |

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
|---|---|---|---|---|
| പരിസര ശുചിത്വം, ആരോഗ്യ കാര്യങ്ങൾ | സെപ്റ്റംബർ | • മഴത്തുള്ളി പിണക്കം – കാലവർഷത്തിന്റെ പ്രത്യേകതകൾ ചർച്ച<br>• ശുചിത്വത്തിന്റെ ആവശ്യകത പാലിക്കേ കാര്യങ്ങൾ<br>• മഴക്കാല രോഗങ്ങൾ<br>• പോസ്റ്റർ തയ്യാറാക്കൽ - മത്സരം<br>• മഴ - ഗുണം, ദോഷം വിലയിരുത്തൽ - എഴുത്ത് | ചിത്രങ്ങൽ<br>ഐസിടി | ടീച്ചർ |
| വ്യക്തിപരമായ രചനക്ക് അവസരം നൽകുന്നു | ഒക്ടോബർ | • പ്ലാസ്റ്റിക് ഉപയോഗം, ദോഷഫലങ്ങൾ<br>• ഹരിത കർമ്മ സേനയുമായി അഭിമുഖം<br>• ശുചിത്വ വാരാചരണത്തിൽ പങ്കെടുക്കുന്നു ഡയറി തയ്യാറാക്കുന്നു | ആരോഗ്യ പ്രവർത്തകർ | രക്ഷിതാക്കൾ<br>ടീച്ചർ |
| തൊഴിലുകളുടെ മാഹാത്മ്യം അറിയുക | നവംബർ | • ശുചിത്വ സന്ദേശ പോസ്റ്റർ<br>• കത്ത് തയ്യാറാക്കൽ ( മലിനീകരണത്തിൽ ദു:ഖം അനുഭവിക്കുന്ന ജീവിയോ വസ്തുവോ തയ്യാറാക്കുന്നത്)<br>• തൊഴിലുകൾ അറിയുന്ന പട്ടികപ്പെടുത്തുന്നു | | കുട്ടികൾ<br>ടീച്ചർ |

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
|---|---|---|---|---|
| ഒത്തൊരുമയുടെ ഫലങ്ങൾ അറിയുക കഥ സംഭാഷണം എന്നിവയിലൂടെ പ്രകടിപ്പിക്കുക<br><br>നല്ല ആരോഗ്യം ലഹരി വിമുക്ത പ്രവർത്തനങ്ങളിൽ പങ്കാളികളാവുക | നവംബർ<br><br>ഡിസംബർ | • കൃഷിപ്പാട്ട് ശേഖരണം, അവതരിപ്പിക്കൽ<br>• ഐക്യമത്യം മഹാബലം എന്ന ആശയം ഉൾക്കൊള്ളുന്ന കഥ അവതരണം സംഭാഷണം തയ്യാറാക്കൽ<br>• ആരോഗ്യം വർദ്ധിപ്പിക്കാൻ കളികൾ, ജോലികൾ എന്നറിയുന്നു<br>• കളിയ അനുഭവം - വിവരണം<br>• കവിതയിൽ വരികൾ കൂട്ടിച്ചേർക്കുക<br>• ആരോഗ്യത്തെ നശിപ്പിക്കുന്ന വസ്തുക്കൾ<br>• ലഹരി ഉപയോഗം - ചർച്ച<br>• ദോഷഫലങ്ങൾ - പട്ടിക തയ്യാറാക്കൽ<br>• ബോധവൽക്കരണ പോസ്റ്റർ തയ്യാറാക്കൽ<br>• മുദ്രാവാക്യ നിർമ്മാണം<br>• ലഹരി വിമുക്ത പ്രതിജ്ഞ | കഥാ ബുക്ക്<br><br>കവിതകൾ<br><br>വീഡിയോകൾ<br>ഐസിടി | ടീച്ചർ<br><br>ടീച്ചർ<br>ആരോഗ്യപ്രവർത്തകർ<br><br>രക്ഷിതാക്കൾ |

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
|---|---|---|---|---|
| ഭാവനാത്മകമായ വായന<br>രചന എന്നിവയിൽ<br>പ്രാവിണ്യം നേടുക<br><br>ഭൂമി അമ്മയെന്ന<br>ആശയവും എല്ലാ<br>ജീവജാലങ്ങളെയും<br>സ്നേഹിക്കുവാനുള്ള<br>മനസ്സും വളർത്തുക | ജനുവരി<br><br>ഫെബ്രുവരി<br><br>മാർച്ച് | • കവിത കേട്ട് ആസ്വദിക്കുന്നു<br>• ഭാവന അനുസരിച്ച് ചിത്രം വരയ്ക്കുന്നു<br>• കവിതയിൽ കൂടുതൽ വരികൾ ചേർക്കുന്നു<br>• പദക്കൂട്ടങ്ങൾ തയ്യാറാക്കുന്നു<br>• ഭാവനാത്മകമായി കഥ പറയുക എഴുതുക<br>• കഥ വായന<br>• സ്വന്തം കവിത<br>• പോസ്റ്റർ തയ്യാറാക്കൽ<br>• ചിത്രരചന<br>• മുദ്രാവാക്യം തയ്യാറാക്കൽ<br>• കത്ത് | കവിതകൾ<br><br>ഐസിടി<br><br>കഥ ബുക്ക്<br><br>മാതൃകകൾ | ടീച്ചർ<br><br>ടീച്ചർ<br><br>രക്ഷിതാക്കൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

# ക്ലാസ് 1, മലയാളം & പരിസരപഠനം

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
|---|---|---|---|---|
| ശുചിത്വം എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | • കുട്ടിക്കവിത, സന്ദേശം<br>• ചിത്ര കാർഡുകൾ<br>• വായന കാർഡുകൾ<br>• നിർമ്മാണ ശില്പശാല | ഐസിടി<br>ചിത്രങ്ങൾ<br>കാർഡുകൾ | ടീച്ചർ<br>രക്ഷാകർത്താവ്<br>ടീച്ചർ |
| ലഹരി ബോധവൽക്കരണം | സെപ്റ്റംബർ | • അക്ഷരം തിരിച്ചറിയൽ<br>• സഹായത്തോടെ അക്ഷരങ്ങൾ എഴുതാനും വായിക്കാനും പരിശീലനം<br>• പ്രതിജ്ഞ<br>• അക്ഷരങ്ങളിൽ നിന്ന് വാക്കുകളിലേക്ക് | ഐസിടി<br>ചിത്രകഥകൾ<br>റാലി പോസ്റ്റർ | |

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
|---|---|---|---|---|
| ലളിതമായ ബാലസാഹിത്യ രചനകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | • കഥകൾ കേട്ട് ആസ്വദിക്കുന്നു<br>• ചിത്ര വായന നടത്തുന്നു<br>• സംയുക്ത ഡയറി തയ്യാറാക്കിയത് കൂടുതൽ മെച്ചപ്പെടുത്തുന്നു<br>• ചിത്രകഥകൾ പൂർത്തിയാക്കുന്നു | ചിത്രകഥകൾ<br>ബാലകഥകൾ<br>ഐസിടി | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ |
| ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഉ ാക്കുക | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | • രചനാ ശേഷി പരിപോഷിപ്പിക്കുന്നു<br>• ക തും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു<br>• കുട്ടികളുടെ സ്വതന്ത്ര രചന ചേർത്ത് പൂർത്തിയാക്കുന്നു | ഐസിടി<br>വിവിധമോഡ്യൂളുകൾ | ക്ലാസ് ടീച്ചർ<br>കൂട്ടുകാർ<br>രക്ഷിതാക്കൾ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

# ക്ലാസ് 1, ഗണിതം

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
|---|---|---|---|---|
| ചുറ്റുപാടും നിരീക്ഷിച്ച് | | • ചിത്ര വായന | | ടീച്ചർ |
| ദ്വിമാന ത്രിമാന രൂപങ്ങൾ | | • ചിത്രനിരീക്ഷണം | ചിത്രങ്ങൾ | |
| തിരിച്ചറിയുകയും | ജൂൺ | • കളറിംഗ് | കാർഡുകൾ | |
| തരംതിരിക്കുകയും | | • കുട്ടിക്കവിത, സന്ദേശം, പോസ്റ്റർ | | |
| ചെയ്യുന്നു രൂപങ്ങൾ | | • സംഖ്യാ കാർഡ്, ഗണിത കിറ്റ് | രൂപങ്ങൾ | |
| ആകൃതിക്ക് അനുസരിച്ച് | | • പാമ്പും കോണിയും | | |
| തരം തിരിക്കുന്നു | ജൂലൈ | | | രക്ഷിതാക്കൾ |
| ശുചിത്വം | | | | |
| | | | ഐസിടി | |
| ഒന്നു മുതൽ 20 വരെയുള്ള | ഓഗസ്റ്റ് | | | കൂട്ടുകാർ |
| സംഖ്യകൾ തിരിച്ചറിയുന്നു | | | | |
| | സെപ്റ്റംബർ | | | |
| ഒറ്റ സംഖ്യകൾ | | | | |
| (സങ്കലനം വ്യവകലനം) | | | | |

| ലക്ഷ്യം | കാലയളവ് | പ്രവർത്തനങ്ങൾ | പിന്തുണ | ചുമതല |
| --- | --- | --- | --- | --- |
| ലഹരി ബോധവൽക്കരണം<br>ഒറ്റസംഖ്യ ഇരട്ടസംഖ്യ വലുത് ചെറുത് പാറ്റേൺ<br>ഉല്ലാസ ഗണിതം<br>ആരോഹണം<br>അവരോഹണം<br>സംഖ്യാബോധം വ്യാഖ്യാനം<br>ആഴ്ചകൾ മാസങ്ങൾ<br>സമയം, നോട്ടുകൾ<br>തിരിച്ചറിയൽ<br>പ്രശ്നാപഗ്രഥനം | ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | • പോസ്റ്റർ<br>• കാർഡുകൾ ഗണിത കിറ്റ്<br>• സംഖ്യ ഗാനങ്ങൾ<br>• വിവിധതരം ഗെയിമുകൾ<br>• കല ർ<br>• കട - കച്ചവടം | സംഖ്യാ ഗാനം<br>അബാക്കസ്<br>കാർഡുകൾ<br>ഐസിടി<br>ആഴ്ചപ്പാട്<br>അഭിനയഗാനം<br>ഗണിതം<br>ഐസിടി | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ ക്ലാസ്<br>ടീച്ചർ കൂട്ടുകാർ<br>രക്ഷിതാക്കൾ |

| അക്കാദമിക് മാസ്റ്റർ പ്ലാൻ<br>ഗണിതം Std IV | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതലകൾ** | **സാമ്പത്തികം** |
| | **കളിക്കാം..ഗണിക്കാം** | | | |
| ഗണിത പഠനം രസകരമാ ക്കൽ (ചതുഷ്ക്രിയകൾ ലളി തമാക്കൽ) | വിവിധതരം കളി കൾ ആസൂത്ര ണം ചെയ്യൽ- നടപ്പാ ക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്ക ലനം- വ്യവക ലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| . | **ഒറിഗാമിയിലൂടെ പഠിക്കാം** | | | |
| ഗണിതശാസ്ത്ര പഠനം രസക രമാ ക്കൽ- കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങ ളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരി ക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| | **ഗണിതലാബ്** | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരു ക്കൽ- പഠനത്തിന് ഉപയോഗപ്പെടു ത്തൽ | വർഷം മുഴുവൻ<br>HM | SRG<br>ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | **ഗണിതച്ചുമർ** | | | |
| ഗണിത രൂപങ്ങളു ടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരു ക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ PTA | |
| | **ഗണിതപഠനോപകരണ ശില്പശാല** | | | |
| പഠനോപകരണങ്ങ ളിലൂടെ ഗണിതപ ഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോ പകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| | **ഗണിതമേള** | | | |
| ഗണിത ശേഷിക ളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങ ളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |